2025 MAY 31

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907



# അനുഗ്രഹ വർഷമായി ദിവ്യകാരുണ്യ പ്രദക്ഷിണം




## ബേ മലയാളിയുടെ കേരളാ ഹൗസ് ഉത്ഘാടനം


AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott At RiverCenter, 10 W Rivercenter Blvd, Covington, KY 41011 NORTHERN KENTUCKY CONVENTION CENTER
This conference will host Physicians,Healthcare professionals, and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Confirmed Guests and Dignitaries
Bobby Mukkamala MD
Michael Suk MD
Mario R Capecchi PHD
Satheesh Kathula, MD President, AAPI
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
Sunil Kaza, MD Chairman, AAPI BOT
Register Now at: www.aapiconvention.org | info@aapiusa.org

# അമേരിക്കയുടെ മണ്ണിൽ അനുഗ്രഹ വർഷമായി ദിവ്യകാരുണ്യ പ്രദക്ഷിണം; ആയിരങ്ങൾ പങ്കെടുത്തു



## കൂട്ടായ്മയിൽ ഭാഗമാകാൻ സഭാതലവൻ മേജർ ആർച് ബിഷപ്പ് മാർ റാഫേൽ തട്ടിലും

**ഷോളി കുമ്പിളുവേലി**

ന്യൂ ജേഴ്‌സി: ഇൻഡ്യയ്ക്കു പുറത്തു സ്ഥാപിതമായ ആദ്യ സിറോ മലബാർ രൂപത, ചിക്കാഗോ സെന്റ് തോമസ് രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ന്യൂ ജേഴ്‌സിയിലെ സോമർസെറ്റ് ഇടവകയിൽ മെയ് 23,24,25 തീയതികളിൽ നടന്ന ദിവ്യ കാരുണ്യ കോൺഗ്രസും അതിനോടനുബന്ധിച്ചു നടത്തിയ ദിവ്യ കാരുണ്യ പ്രദക്ഷണവും വിശ്വാസികൾക്ക് നവ്യ അനുഭവമായി.

ചിക്കാഗോ രൂപതയിൽ ആദ്യമായാണ് തെരുവുവീഥികളിലൂടെ ദിവ്യ കാരുണ്യ പ്രദക്ഷണം നടത്തുന്നത്. ദിവ്യകാരുണ്യം പ്രതിഷ്ഠിച്ച പ്രത്യേക പേടകം, രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ പന്ത്രണ്ടു വൈദികർ ചേർന്ന് വഹിച്ചു. സിറോ മലബാർ സഭയുടെ മേലധ്യക്ഷൻ മേജർ ആർച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ചിക്കാഗോ രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, രൂപതയിലെ വിവിധ ഇടവകകളിലെ വികാരിമാർ, വൈദിക വിദ്യാർഥികൾ, സന്യാസിനികൾ, അൾത്താര ശ്രുശ്രൂഷികൾ, ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾ, കുരിശുകളും മുത്തുക്കുടകളും വഹിച്ച വിവിധ ഇടവക പ്രധിനിധികൾ തുടങ്ങിയവർ ദിവ്യ കാരുണ്യം വഹിച്ചുകൊണ്ടുള്ള പേടകത്തെ അനുഗമിച്ചു. വഴിയുടെ ഇരു വശത്തുമായി നാലായിരത്തോളം വരുന്ന വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം നിലകൊണ്ടു.

ഫ്രാങ്ക്ളിൻ സ്കൂളിൽനിന്നുമാരംഭിച്ച പ്രദക്ഷിണം സോമർസെറ്റ് സൈന്റ് തോമസ് ഫൊറോനാ ദേവാലയ അങ്കണത്തിൽ, തട്ടിൽ പിതാവിന്റെ ദിവ്യകാരുണ്യ ആശീർവാദത്തോടെ സമാപിച്ചു.

ജൂബിലി - നന്ദിയുടേയും കൃപയുടെയും ആഘോഷം: മാർ റാഫേൽ തട്ടിൽ

സിൽവർ ജൂബിലി ആഘോഷങ്ങൾ, കഴിഞ്ഞു പോയ വർഷങ്ങളെ നന്ദിപൂർവം സ്മരിക്കുവാനും, വീഴ്ചകൾ തിരുത്തുവാനും, അടുത്ത ഇരുപത്തഞ്ചു വർഷത്തേക്കുള്ള പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള അവസരമാക്കി മാറ്റണമെന്ന് ദിവ്യ കാരുണ്യ കോൺഗ്രസ് ഉദ്ഘാടനം ചെയ്തുകൊണ്ട് മാർ റാഫേൽ തട്ടിൽ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

അമേരിക്കയിൽ സിറോ മലബാർ സഭയുടെ വളർച്ചക്കുവേണ്ട സഹായങ്ങൾ നൽകിയ തദ്ദേശ ലത്തീൻ സഭയോട് നമ്മൾ എന്നും നന്ദിയുള്ളവരായിക്കുകയും, അവർക്കുവേണ്ടി പ്രാർഥിക്കുകയും വേണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. അതുപോലെ ഒന്നും ഇല്ലായ്മയിൽ നിന്നും ഈ രൂപതയെ പടുത്തു ഉയർത്തുവാൻ ഏറെ കഷ്ടപ്പാടുകൾ സഹിച്ച എല്ലാവരെയും കൃതജ്ഞതാ

പൂർവം സ്മരിക്കുവാനും, അവരേയും ചേർത്ത് നിർത്തുവാനും നമ്മുക്ക് സാധിക്കണം. അതോടൊപ്പം വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനും രൂപതയുടെ വളർച്ചക്കും നിസ്വാർഥമായ നേതൃത്വം നൽകുകയും ചെയ്ത മാർ ജേക്കബ് അങ്ങാടിയത്തിനേയും മാർ തട്ടിൽ നന്ദിപൂർവം സ്മരിച്ചു.

സഭ പല പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും ചിക്കാഗോ രൂപതയിൽ നിന്നും ധാരാളം ദൈവ വിളികൾ ഉണ്ടാകുന്നതിൽ താൻ ഏറെ അഭിമാനിക്കുന്നതായി പിതാവ് പറഞ്ഞു. അടുത്ത തലമുറയ്ക്ക് 'ബാറ്റൺ' കൈമാറാൻ നമ്മൾ ഇപ്പോഴേ ഒരുങ്ങണം. ചിക്കാഗോ രൂപതയിൽ ഉണ്ടായിരിക്കുന്ന വിശ്വാസ വളർച്ചയിൽ താൻ ഏറെ സന്തുഷ്ടനാണെന്നും, അതിനു നേതൃത്വവും പ്രോത്സാഹനവും നൽകിവരുന്ന രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിനെ അഭിനന്ദിക്കുന്നതായും മേജർ ആർച് ബിഷപ് പറഞ്ഞു.

മൂന്നുദിവസം നീണ്ടു നിന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പ്രശസ്ത വചന പ്രഘോഷകൻ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ മലയാളത്തിലും, അമേരിക്കയിലെ പ്രശസ്ത വചന പ്രഘോഷകരായ ഡോ. സ്കോട്ട് ഹാൻ, പോൾ ജെ. കിം, അലക്സ് ഗോടൈ, ഡോ. ലോറൻസ് ഫിൻഗോൾഡ് എന്നിവരും ചിക്കാഗോ രൂപതയുടെ ഭാഗമായ റവ. ഫാ. കെവിൻ മുണ്ടക്കൽ, സി. ആഗ്നസ് എന്നിവർ ഇംഗ്ലീഷിലും വിശുദ്ധ കുർബാനയെപ്പറ്റി പ്രഭാഷണങ്ങൾ നടത്തി.

ശനിയാഴ്ച വൈകുന്നേരം അതിഥേയ ഇടവകാംഗങ്ങൾ അവതരിപ്പിച്ച 'ജീവൻറെ അപ്പം' എന്ന സ്റ്റേജ്ഷോ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

മൂന്നുദിവസം നീണ്ടുനിന്ന ദിവ്യ കാരുണ്യ കോൺഗ്രസിനും, സമാപന ദിവസം നടന്ന 'ദിവ്യകാരുണ്യ' പ്രദക്ഷിണത്തിനും ആതിഥേയത്വം നൽകിയ സോമർസെറ്റ് ഇടവകയുടെ നേതൃപാടവം ഏറെ പ്രശംസിക്കപ്പെട്ടു. 'ദിവ്യകാരുണ്യ കോൺഗ്രസിന്' നേതൃത്വം നൽകിയ കോർഡിനേറ്റർ വികാരി ജനറാൾ റവ. ഫാ. തോമസ് കടുകപ്പിള്ളിൽ, സോമർസെറ്റ് ഇടവക വികാരി റവ. ഫാ. ആന്റണി സേവ്യർ പുല്ലുകാട്ട്, ഇടവക കൈക്കാരമ്മാർ, പാരിഷ് കൗൺസിൽ, വിവിധ കമ്മിറ്റി അംഗങ്ങൾ, ഇടവകയിലെ യുവജനങ്ങൾ, കൂടാതെ എല്ലാ ഇടവകാംഗങ്ങൾക്കും രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് നന്ദി അറിയിച്ചു.

വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം, ചാൻസലർ റവ. ഫാ. ജോർജ് ദാനവേലിൽ, വൈസ് ചാൻസലർ റവ. ഫാ. ജോൺസൺ കോവൂർപുത്തൻപുര, പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവരും ദിവ്യകാരുണ്യ കോൺഗ്രസിന്റെ സുഗമമായ നടത്തിപ്പിനു നേതൃത്വം നൽകി.



















FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ചിക്കാഗോ രൂപത അതിരൂപതയാകാൻ സർവഥാ യോഗ്യം: മാർ റാഫേൽ തട്ടിൽ



ടാജ് മാത്യു

ന്യൂജേഴ്‌സി: ചിക്കാഗോ സെൻറ് തോമസ് സീറോ മലബാർ രൂപതയെ അതിരൂപതയാക്കി ഉയർത്തിയേക്കുമെന്ന് സഭയുടെ അധ്യക്ഷനായ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ. ന്യൂജേഴ്‌സി സോമർസെറ്റിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന ദിവ്യബലിയിൽ സന്ദേശം നൽകുകയായിരുന്നു മാർ തട്ടിൽ. അതിരൂപതയാക്കാനുള്ള എല്ലാ ഘടകങ്ങളും ചിക്കാഗോ രൂപത കൈവരിച്ചിട്ടുണ്ടെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

അതിരൂപതാ പദവിയിലേക്ക് ഉയർത്തുമ്പോൾ സാമന്ത രൂപത ഉണ്ടാവേണ്ടതുണ്ടെന്ന് സഭാ പണ്ഡിതർ നിരീക്ഷിക്കുന്നു. സഫ്രഗൻ രൂപതകൾ ഉണ്ടായിരിക്കുക എന്നതാണ് അതിരൂപതക്കു വേണ്ട അടിസ്ഥാന യോഗ്യത. എന്നാൽ സാമന്ത രൂപതകൾ ഇല്ലാതെയും അതിരൂപതാ പദവി നൽകിയ സാഹചര്യവും ഉണ്ടായിട്ടുണ്ട്. ക്നാനായ വിശ്വാസികൾ ഉൾപ്പെടുന്ന കോട്ടയം രൂപതയെ അതിരൂപതയാക്കിയത് ഉദാഹരണം. എന്നാൽ സവിശേഷ പാരമ്പര്യങ്ങൾ പിന്തുടരുന്ന കോട്ടയം രൂപതയുമായി മറ്റു രൂപതകളെ തുലനം ചെയ്യാനാവില്ല.

അങ്ങനെ നോക്കുമ്പോൾ അതിരൂപതാ പദവിയിലേക്ക് ഉയർത്തുമ്പോൾ ചിക്കാഗോ രൂപത വിഭജിക്കേണ്ടതായി വരും. അമേരിക്ക പോലെ വലിയൊരു രാജ്യത്ത് പലയിടങ്ങളിലായി വിശ്വാസികൾ ഉള്ള സാഹചര്യത്തിൽ മറ്റു സാമന്ത രൂപതകൾ ഉണ്ടാവാനുള്ള സാഹചര്യം തള്ളിക്കളയാനാവില്ല. പാരീഷുകളുടെയും വിശ്വാസികളുടെയും എണ്ണമെടുക്കുമ്പോൾ വിവിധ രൂപതാ രൂപീകരണത്തിനുള്ള സാഹചര്യം ശക്തമായി നിലനിൽക്കുന്നു. അൻപതിലേറെ പാരീഷുകളും മിഷനുകളും രൂപതയുടെ കീഴിലുണ്ട്. മുക്കാൽ ലക്ഷത്തിലേറെ വിശ്വാസികളും ഉണ്ട്. ഇവിടെ ജനിച്ചു വളർന്ന വൈദികരും വൈദിക വിദ്യാർത്ഥികളും സഭയുടെ ഭാഗമാണ്.

കേരളത്തിലെ രൂപതകൾക്കില്ലാത്ത സവിശേഷത ചിക്കാഗോ രൂപതക്കുണ്ടെന്നു മാർ തട്ടിൽ ചൂണ്ടിക്കാട്ടി. കേരളത്തിലെ രൂപതകളിൽ ഭൂമിശാസ്ത്രപരമായി ഒരിടത്തുള്ളവരായിരിക്കും അംഗങ്ങൾ. എന്നാൽ ചിക്കാഗോ രൂപതയിലെത്തുമ്പോൾ ഭൂമിശാസ്ത്ര കാര്യം അപ്രസക്തമാവുന്നു. കേരളത്തിലെ വിവിധ രൂപതകളിലുള്ളവരും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ രൂപതകളിൽ നിന്നും എത്തുന്നവർ ലയിച്ചു ചേരുകയാണ് ചിക്കാഗോ രൂപതയിൽ. തുടർന്ന് എല്ലാവരും ഒരു രൂപതയുടെ കൊടിക്കീഴിൽ അണിചേരുന്നു. അത് വേറെവിടെയും ഇല്ലാത്ത പ്രത്യേകതയാണ്.

കേരളത്തിലെ മാറിയ സാമൂഹിക സാഹചര്യങ്ങൾ സഭയുടെ വളർച്ചക്ക് പ്ര തിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മറ്റു പല വിശ്വാസങ്ങളും രാഷ്ട്രീയ, ഭരണ നേതൃത്വത്തിൻറെ പരിലാളനയിൽ അവിടെ തഴച്ചു വളരുന്നു. ക്രിസ്തീയ വിശ്വാസം ചവിട്ടിമെതിക്കപ്പെടുന്നു. എന്നാൽ ചിക്കാഗോ രൂപത വിപരീതമായാണ് നീങ്ങുന്നത്. ഇവിടെ വിശ്വാസ വളർച്ച ശരിയായ ദിശയിൽ തന്നെ.

ക്രിസ്തീയ വിശ്വാസങ്ങൾ ശക്തിപ്രാപിക്കേണ്ടത് സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചക്ക് അനിവാര്യമാണ്. പാപികൾക്ക് മാനസാന്തരത്തിലൂടെ കടന്നുവരാനുള്ള അതിവിശാലമായ ഇടം മറ്റൊരു വിശ്വാസ സംഹിതയും നൽകുന്നില്ല. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നതല്ല നമ്മൾ പിന്തുടരുന്ന തത്വം. മറിച്ചു നഷ്ടപ്പെട്ടവരെ കണ്ടെത്തി അവരെ വിശ്വാസത്തിലേക്ക് തിരികയെത്തിക്കുകയാണ്. നൂറിൽ നിന്നും നഷ്ടപ്പെടുന്ന ഒരാടിനെ തിരയാനാണ് ഈശോ പഠിപ്പിച്ചത്. ഇക്കാര്യം എക്കണോമിക്സ് അധ്യാപകനോട് ഞാൻ ഒരിക്കൽ പറയുകയുണ്ടായി. അത് ഇക്കണോമിക്കലി വയബിൾ അല്ല എന്നായിരുന്നു അദ്ധ്യാപകന്റെ മറുപടി. അതാണ് ഈശോ പഠിപ്പിച്ചതിന്റെ ദൈവികമായ അർത്ഥം. ലോകത്ത് മനുഷ്യൻ നിർമ്മിച്ചെടുത്ത നിയമങ്ങൾ കൊണ്ട് അതിനെ വിശകലനം ചെയ്യാനാവില്ല, മാർ തട്ടിൽ ചൂണ്ടിക്കാട്ടി.




JOYFUL
HOME CARE
Caring for your loved ones with a joyful spirit
With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us
Joy Mekkatte
CEO
631-737-1000
SERVING SUFFOLK, NASSAU & QUEENS COUNTY
ഒരു മലയാളി സ്ഥാപനം
MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com
QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

# വർണാഭമായ ചടങ്ങുകളോടെ ബേ മലയാളിയുടെ കേരളാ ഹൗസ് ഉത്ഘാടനം



ഫ്രെമോണ്ട്, കാലിഫോർണിയ : സാൻ ഫ്രാൻസിസ്കോ ബേ ഏരിയയിലെ മലയാളായി സമൂഹം ചിരകാലമായി കാത്തിരുന്ന, ബേമലയാളിയുടെ കേരള ഹൗസിന്റെ ഔപചാരികമായ ഉത്ഘാടനം, ആയിരങ്ങളുടെ സാന്നിധ്യത്തിൽ , ഇന്ത്യൻ കോണ്സുലേറ്റ് ജനറൽ ഡോ: കെ. ശ്രീകാർ റെഡ്ഡി, ഫ്രീമോണ്ട് മേയർ ഡോ:രാജ് സൽവാൻഎന്നിവർ ചേർന്ന് നിർവഹിച്ചു.

ചെണ്ട മേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ വിശിഷ്ട്ടാതിഥികളെ സ്വീകരിച്ചു വേദിയിലേക്ക് ആനയിച്ചു. തുടർന്ന് കേരളത്തിന്റെ തനതായ രീതിയിൽ അണിയിച്ചൊരുക്കിയ കേരള ഹൌസ് കവാടത്തിൽ, ആയിരങ്ങളെ സാക്ഷിനിർത്തി, വിശിഷ്ടാഥിതികൾ നാട മുറിച്ചു ഔദ്യോഗികമായ ഉൽഘടന കർമം നിർവഹിച്ചു.

തുടർന്ന് ബേമലയാളി പ്രസിഡന്റ് ലെബോൺ മാത്യു അധ്യക്ഷൻ ആയി നടന്ന ഉൽഘടന സമ്മേളനത്തിലേക്ക് ജനറൽകൺവീനർ സജൻ മൂലപ്ലാക്കൽ വിശിഷ്ട്ടാധികളെ സ്വാഗതം ചെയ്തു , വിശിഷ്ടാഥിതികൾ നിലവിളക്കിനു തിരിതെളിയിച്ചതോടെ സമ്മേളനം ആരംഭിച്ചു.

ഡോ: കെ. ശ്രീകാർ റെഡ്ഡി ( ഇന്ത്യൻ കോൺസുലേറ്റ് ജനറൽ സാൻ ഫ്രാൻസിസ്കോ ) , ഡോ: രാജ് സൽവാൻ ( ഫ്രയിംണ്ട് മേയർ ) , ഫ്രേമുണ്ട് സ്കൂൾ ഡിസ്റ്റിക് ട്രസ്റ്റീയും മലയാളിയും ആയ മിസ്. റിനു നായർ, ശ്രീ ബാബു ശിവദാസൻ ( സി.ഇ.ഒ - ജിഫി.മശ ) , ശ്രീ സണ്ണി ജോർജ് ( റീൽറ്റർ ) പ്രദീഷ് തോമസ് ( സി.ഇ.ഒ - പ്രൊഫിസിയോ തെറാപ്പി ), മാർവെൽ ഫിലിപ്പ് ( സി.ഇ.ഒ - ഋറവേലീ്യ ) എന്നിവർ ആശംസകൾ അറിയിച്ചു .

കേരളാ ഹൌസ് എന്ന ആശയത്തിന് തുടക്കം കുറിക്കുകയും അതിന്റെ പൂർത്തീകരണത്തിനായി ചുക്കാൻ പിടിക്കുകയും ചെയ്ത ബേ മലയാളി പ്രസിഡന്റ് ലെബോൺ മാത്യുവിനെ ബോർഡ് അംഗങ്ങളോടൊപ്പം സെക്രട്ടറി ജീൻ ജോർജ് പൊന്നട അണിയിച്ചു ആദരിച്ചു.

ബേമലയാളിയുടെ കേരളാ ഹൗസിന്റെ പ്രവർത്തനങ്ങൾക്ക്, ഇന്ത്യൻ കോൺസുലേറ്റിന്റെ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചരിത്ര പരമായ ഈ നേട്ടം മറ്റു സംഘടനകൾ മാതൃക ആകുകയും ചെയ്യണമെന്ന് ഡോ: റെഡ്ഡി തന്റെ ആശംസ പ്രസംഗത്തിൽ അറിയിച്ചു .

മേയർ രാജ് സൽവാൻ ഫ്രീമോണ്ട് സിറ്റിയുടെ പ്രശംസാപത്രം സമ്മാനിക്കുകയും, കേരള ഹൌസ് ഫ്രീമോണ്ട് സിറ്റിയിൽ വന്നതു, സിറ്റി മേയർ എന്ന നിലയിൽ ഒരു അഭിമാനായി കാണുന്നു എന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

സാൻ ഫ്രാൻസിസ്കോ ബേ ഏരിയയിലെ പ്രമുഖ മലയാളി സഘടന നേതാക്കളും, അസോസിയേഷൻ ഓഫ് ഇൻഡോ അമേരിക്കൻ സംഘടനാ പ്രതിനിധികളും ബേ മലയാളിയുടെ കേരളാ ഹൌസ് സംരംഭത്തിന് എല്ലാ അസംസകൾ നേരുകയും അവരുടെ അകമഴിഞ്ഞ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു .

തുടർന്ന് നടന്ന കലാ സന്ധ്യക്ക് , ട്രെഷറർ സുഭാഷ് സ്കറിയ , ഗായികയും നർത്തകിയും ആയ ദീപ്തി വെങ്കിട്ട് എന്നിവർ ചുക്കാൻ പിടിച്ചു. കേരള തനിമ വിളിച്ചോതുന്ന വിവിധങ്ങളായ കലാ പ്രകടനകകൾ കാണികൾക്കു ആസ്വാദ്യകരമായി. മോഹിനിയാട്ടം ( ബിന്ദു പ്രതാപ്) , സിനിമാറ്റിക് ഡാൻസ് ( ഏടഗ ), ഗ്രൂപ്പ് ഡാൻസ് ( റാണി സുനിൽ, ഇന്ത്യൻ സ്കൂൾ ഓഫ് ഡാൻസ് ), നാടോടി നൃത്തം ( സുനിത & ടീം , മൗണ്ടെൻ ഹൗസ്), അരികൊമ്പൻ തീം ഡാൻസ് , രാധിക ആൻഡ് ടീം, നാട്യദർപ്പണ സ്കൂൾ ഓഫ് ഡാൻസ് ) എന്നിവയെ തുടർന്ന് കാണികളുടെ മനം മനകവരുന്ന സംഗീതവനുമായി ഖഅങ്ങട , കജഅള ടീമുകൾ വേദി കവർന്നു.

പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും രുചിയേറിയ അത്താഴവും ബേ മലയാളി ബേർഡ് അംഗങ്ങൾ ഒരുക്കിയിരുന്നു.

പ്രോഗ്രാം കോർഡിനേറ്റർ നൗഫൽ

കപ്പാച്ചലിൽ, പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും, പ്രത്യേകിച്ച് ബേ മലയാളിയുടെ വോളന്റീർസ് , സ്പോൻസർസ്, ഡാൻസ് ഗ്രൂപ്സ് , മ്യൂസിക് ഗ്രൂപ്സ് , പോൾസോണിക് ( സൗണ്ട് സിസ്റ്റം) , സിനോയ്സ് കിച്ചൻ ( ഡിന്നർ) , ജാക്സൺ പൂയപ്പാടം ( ഓഡിയോ & വീഡിയോ ), ഫെബി, ജേക്കബ് , ഷാജി ,ധനുഷ് , ഗൗതം ( ഫോട്ടോസ് & വീഡിയോ ) എന്നിവർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. രാത്രി പത്തു മണിയോടെ ആഘോഷങ്ങൾക്ക് സമാപനമായി.

പ്രവാസി ചാനലിന് വേണ്ടി കാലിഫോർണിയ റീജിയണൽ ഡയറക്ടർ സജൻ മൂലപ്ലാക്കൽ തയ്യാറാക്കിയ റിപ്പോർട്ട്



























Feby Denahon
May 26 at 8:48 PM


May 26 at 8:48 PM







BAY Malayali


Feby Denahon
· May 26 at 8:48 PM











AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION &
SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
Convention Center
At River Center, Ohio USA
This conference will host Physicians, Healthcare Professionals and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Satheesh Kathula, MD
President, AAPI
Sunil Kaza, MD
Chairman, AAPI BOT
Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
More Info: www.aapiconvention.org | info@aapiusa.org


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# വേൾഡ് ട്രേഡ് സെന്റർ സ്മാരകത്തിൽ ഡോ. ശശി തരൂരുമായി അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് കൂടിക്കാഴ്ച : ചലഞ്ച് കോയിൻ പുരസ്കാരം സമ്മാനിച്ചു



**മാർട്ടിൻ വിലങ്ങോലിൽ**

ന്യൂയോർക്ക്: അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ് (AMLEU) നേതൃത്വം, ഇന്ത്യൻ പ്രതിനിധി സംഘം വേൾഡ് ട്രേഡ് സെന്റർ സ്മാരകം സന്ദർശിച്ച വേളയിൽ മുൻ യു.എൻ. നയതന്ത്രജ്ഞനും ലോക്സഭാംഗവും, മുതിർന്ന കോൺഗ്രസ് നേതാവുമായ ഡോ. ശശി തരൂരുമായി കൂടിക്കാഴ്ച നടത്തി. തദവസരത്തിൽ AMLEU ബോർഡ് നേതൃത്വം അദ്ദേഹത്തിനു ചലഞ്ച് കോയിൻ പുരസ്കാരം സമ്മാനിച്ചു.

പ്രശസ്തമായ ന്യൂയോർക്ക് സിറ്റി പോലിസ് ഡിപ്പാർട്ട്മെന്റിലെ ലഫ്റ്റനന്റ് നിധിൻ എബ്രഹാം (AMLEU പ്രസിഡന്റ്), ചഥചഖ പോർട്ട് അതോറിറ്റി പോലിസ് ഡിപ്പാർട്ട്മെന്റിലെ ലഫ്റ്റനന്റ് നോബിൾ വർഗീസ് (AMLEU സെക്രട്ടറി) എന്നിവർ ഡോ. ശശി തരൂരുമായി ആശയവിനിമയം നടത്തി.


സമൂഹത്തിന്റെ നിയമനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന മലയാളി ലോ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നേതൃത്വത്തിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

പ്രതീകാത്മകവും ചരിത്രപ്രാധാന്യവുമുള്ള വേൾഡ് ട്രേഡ് സെൻററർ സ്മാരകത്തിൽ നടന്ന യോഗം ആഗോള സഹകരണത്തിന്റെയും, സാംസ്കാരിക പ്രതിനിധിത്വത്തിന്റെയും, രാജ്യത്തിന് വേണ്ടി സേവനമനുഷ്ഠിക്കുന്നവരെ ആദരിക്കുന്നതിന്റെ പ്രാധാന്യം ഓർമപ്പെടുത്തുന്നതുമായിരുന്നു.

AMLEU ചലഞ്ച് കോയിൻ ഡോ. ശശി തരൂരിന് സമർപ്പിച്ചത് വെറും ഔപചാരിക ചടങ്ങ് മാത്രമല്ല, പാരമ്പര്യവും സേവനവും പങ്കുവെക്കുന്ന മൂല്യങ്ങളിലൂടെ രണ്ട് ലോകങ്ങൾ തമ്മിലുള്ള ആഴമുള്ള ബന്ധത്തെ പ്രതിനിധീകരിക്കുന്ന ശക്തമായ കൈമാറ്റമായിരുന്നു എന്ന് AMLEU പ്രസിഡന്റ് ലഫ്റ്റനന്റ് നിധിൻ എബ്രഹാം പറഞ്ഞു.

കൂടിക്കാഴ്ചയിൽ പങ്കെടുത്ത എല്ലാവർക്കും ലഫ്റ്റനന്റ് നോബിൾ വർഗീസ് നന്ദി രേഖപ്പെടുത്തി.




MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# 'ഇന്ത്യ പഴയ ഇന്ത്യയല്ല;'



# മാറുന്ന ഇന്ത്യ

**ശ്രീകുമാർ ഉണ്ണിത്താൻ**

ഇന്ത്യ പാക്കിസ്ഥാൻ സംഘർഷത്തിൽ നേട്ടമുണ്ടായത് ആർക്കെന്ന ചോദ്യത്തിന് ഉത്തരം ഇന്ത്യക്ക് തന്നെ എന്ന കാര്യത്തിൽ തർക്കമില്ല. പഹൽഗാമിന്റെ മണ്ണിൽ ഇന്ത്യയുടെ ചുടു രക്തം വാർന്നപ്പോൾ , നിരപരാധികളായ ജീവനുകൾ പൊലിഞ്ഞപ്പോൾ ഇന്ത്യക്കു രംഗത്തിറങ്ങേണ്ടി വന്നു. ഓപ്പറേഷൻ സിന്ദൂർ എന്ന പേരിൽ ഇന്ത്യ നടത്തിയ ആ തിരിച്ചടി അത്ഭുതത്തോടെയാണ് ലോക രാഷ്ട്രങ്ങൾ വീക്ഷിച്ചത് .

വളരെ കൃത്യമായിരുന്നു ഇന്ത്യയുടെ ഓരോ ആക്രമണങ്ങളും. പാകിസ്ഥാനിൽ ഒൻപതു ഭീകരകേന്ദ്രങ്ങൾ തകർത്തെറിഞ്ഞ ഇന്ത്യൻ സേന തിരിച്ചടിയെ കരുത്തോടെ പ്രതിരോധിക്കുകയും ചെയ്തു. ഇന്ത്യയുടെ അതിശക്തമായ ആക്രമണത്തെ പ്രതിരോധിക്കാനാകാതെ പാക്കിസ്ഥാൻ പകച്ചു നിൽക്കുന്ന കാഴ്ചയാണ് പിന്നീട് ലോകം കണ്ടത്. ഇന്ത്യയുടെ അത്യാധുനിക പ്രതിരോധ സാങ്കേതിക സംവിധാനങ്ങളുടെ വലിയ വിജയം കൂടിയായിരുന്നു ഇത്. ഈ വിജയത്തോടെ ഇന്ത്യയുടെ ആയുധങ്ങളും ടെക്നോളജിയും രാജ്യാന്തര പ്രതിരോധ വിപണിയിൽ വീണ്ടും വലിയ ചർച്ചയായി.

ലോകത്തെ ഏറ്റവും വലിയ ആയുധ കയറ്റുമതിക്കാർ യുഎസ് ആണ്. രാജ്യാന്തര ആയുധ കയറ്റുമതിയുടെ മേജർ യുഎസ് തന്നെ . രണ്ടാമതുള്ള ഫ്രാൻസും മൂന്നാമത് റഷ്യയും പിന്നീട് ചൈനയും. ചൈനയുടെ ആയുധ കയറ്റുമതിയിൽ മൂന്നിൽ രണ്ടും പാക്കിസ്ഥാനിലേക്ക് മാത്രമാണ്. ഓപ്പറേഷൻ സിന്ദൂറിൽ ചൈനീസ്, ടർക്കിഷ് ആയുധങ്ങൾ ഭസ്മമാക്കിയ ഇന്ത്യൻ നിർമിത ഡ്രോണുകൾക്കും, ബാലസ്റ്റിക് മിസൈലുകൾക്കും, ബ്രമ്മോസിനും ലോക രാഷ്ട്രങ്ങൾക്ക് ഇടയിൽ വൻപിച്ച പ്രിയമാണ് കൈവന്നിരിക്കുന്നത്. പാകിസ്ഥാന്റെ കൈവശമുള്ള അമേരിക്കയുടെ ആയുധങ്ങൾ പോലും ഭസ്മമാക്കാൻ ഓപ്പറേഷൻ സിന്ദൂറിൽ കഴിഞ്ഞു എന്നത് ലോകത്തിന് മുൻപിൽ ഇന്ത്യയുടെ യശസ് ഏറെ ഉയർത്തി. വ്യോമാക്രമണങ്ങളെ തടയാൻ ചൈനീസ് നിർമിത പ്രതിരോധ സംവിധാനങ്ങൾക്ക് സാധിച്ചില്ലെന്ന് മാത്രമല്ല, ലോക രാഷ്ട്രങ്ങൾക്കിടയിൽ ഇത് വല്ലാത്ത നാണക്കേടുണ്ടാക്കുകയും ചെയ്തു .

ആയുധ വിതരണത്തിൽ മുൻപന്തിയിൽ ഉള്ള ചൈന പക്ഷെ നാലു പതിറ്റാണ്ടിൽ ഏറെ ആയി വലിയ യുദ്ധങ്ങളിൽ ഏർപ്പെട്ടിട്ട്. ചൈനയുടെ പ്രതോരോധ ശേഷി തകർന്നടിഞ്ഞപ്പോൾ ക്വാളിറ്റി ഇല്ലാത്ത സാധങ്ങൾ ഉണ്ടാക്കുന്ന രാജ്യം എന്ന ദുഷ്‌പേര് പണ്ടേയുള്ള ചൈന അത് ഒന്നുകൂടി അരക്കിട്ടുറപ്പിച്ചു. ചൈനീസ് ആയുധങ്ങളുടെ വിശ്വാസ്യതയാണ് ലോകരാഷ്ട്രങ്ങളുടെ ഇടയിൽ തകർന്നത്.

അതെ സമയം ഇന്ത്യൻ പ്രതിരോധ കമ്പനികളുടെ ഓഹരികൾ വലിയ കുതിപ്പാണ് നടത്തിയത്. ചില ഓഹരികൾ കുറച്ചു ദിവസം കൊണ്ട് 25 ശതമാനം വരെയോ അതിൽ കൂടുതലോ നേട്ടമുണ്ടാക്കി. ഓപ്പറേഷൻ സിന്ദൂരിനുശേഷം ആഗോള തലത്തിൽ ഇന്ത്യൻ പ്രതിരോധ വ്യവസായം കൂടുതൽ അംഗീകാരം നേടുകയും ഇന്ത്യൻ

**ഇന്ത്യയ്ക്കെതിരായ ഭീകര പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്കെല്ലാം ഇതൊരു മുന്നറിയിപ്പും പാഠവുമാണ്, ഇന്ത്യ പഴയ ഇന്ത്യയല്ല എന്ന് ഓർമ്മപ്പെടുത്താൻ ഇന്ത്യ പാക്കിസ്ഥാൻ സംഘർഷത്തിൽ സാധിച്ചു എന്നത് ഇന്ത്യയുടെ സൈനികവും, രാഷ്ട്രീയവുമായ വിജയമാണ്. ഓരോ ഇന്ത്യക്കാരനും ഈ വിജയത്തിൽ അഭിമാനിക്കാം.**



നിർമ്മിത ആയുധങ്ങൾക്ക് ആവശ്യക്കാർ കൂടുകയും ചെയ്തു. ഏകദേശം 82 രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ ആയുധങ്ങൾക്കു അന്വേഷണം വരുന്ന കാഴ്ചയാണ് കണ്ടത്. ഇന്ത്യയെ സംബന്ധിച്ചടത്തോളം ഇത് അഭിമാനത്തിന്റെ നിമിഷങ്ങൾ തന്നെ. 10 വർഷം മുൻപ് വരെ ആയുധങ്ങൾ ഇറക്കുമതി ചെയ്തിരുന്ന ഒരു രാജ്യം ഇന്ന് ആയുധ കയറ്റുമതിയിൽ അസൂയാവഹമായ പുരോഗതി നേടിയത് അതിശയിപ്പിക്കുന്നതാണ്.

2024-25 ൽ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി റെക്കോർഡ് ഭേദിച്ച് 23,622 കോടിയിലെത്തിയെന്നാണ് പ്രതിരോധ മന്ത്രാലയം വിലയിരുത്തുന്നത്. ഇറക്കുമതിയെ ഏറെ ആശ്രയിച്ചിരുന്ന രാജ്യത്തു നിന്ന് ഇന്ന് ലോകമെമ്പാടുമുള്ള 80 രാജ്യങ്ങൾക്ക് ആയുധങ്ങൾ, വെടിക്കോപ്പുകൾ, മറ്റു സംവിധാനങ്ങൾ, ഹൈടെക് പ്രതിരോധ ഘടകങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിലേക്ക് ഇന്ത്യ എത്തി. ഈ മേഖലയിൽ ഭാവിയിൽ വലിയ തോതിലുള്ള വിദേശനാണ്യമാണ് ഇന്ത്യയെ കാത്തിരിക്കുന്നത്.

ഇന്ത്യയ്ക്കെതിരായ ഭീകര പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്കെല്ലാം ഇതൊരു മുന്നറിയിപ്പും പാഠവുമാണ്, ഇന്ത്യ പഴയ ഇന്ത്യയല്ല എന്ന് ഓർമ്മപ്പെടുത്താൻ ഇന്ത്യ പാക്കിസ്ഥാൻ സംഘർഷത്തിൽ സാധിച്ചു എന്നത് ഇന്ത്യയുടെ സൈനികവും , രാഷ്ട്രീയവുമായ വിജയമാണ്. ഓരോ ഇന്ത്യക്കാരനും ഈ വിജയത്തിൽ അഭിമാനിക്കാം.




# രമേശ് ചെന്നിത്തലയും മേയർ റോബിനും തമ്മിൽ വടംവലി: കാണികൾ ഉദ്വേഗത്തിന്റ മുൾമുനയിൽ – ടിസാക് വടംവലിയ്ക്ക് ആവേശകരമായ കിക്കോഫ്



**ജീമോൻ റാന്നി**

ഹൂസ്റ്റൺ: മെയ് 24 നു വർണ വിസ്മയ കാഴ്ചകൾ ഒരുക്കിയ ഗ്ലോബൽ ഇന്ത്യൻ ഫെസ്റ്റിൽ വേറിട്ട കാഴ്ചകൾ ഒരുക്കി ടിസാക് വടം വലി കിക്ക് ഓഫ് ! ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബിന്റെ (ഠകടഅ ഇഹൗയ) ആഭിമുഖ്യത്തിൽ നടത്തപെടുന്ന സീസൺ 4 അന്താരാഷ്ട്ര വടം വലി മൽസരത്തിന്റെ കിക്ക് ഓഫ് ചടങ്ങിൽ ഗ്ലോബൽ ഇൻഡോ അമേരിക്കൻ ഫെസ്റ്റിൽ മുഖ്യാതിഥിയായി എത്തിയ ജനകീയ നേതാവ് രമേശ് ചെന്നിത്തല എംഎൽഎയും ടെക്സാസ് മലയാളികളുടെ അഭിമാനമായ മിസ്സോരി സിറ്റി മേയർ റോബിൻ ഇലക്കാട്ടും കൂറ്റൻ വടത്തിന്റെ ഇരുഭാഗത്തും അണി നിരന്നപ്പോൾ പച്ച ബനിയനും മുണ്ടും ധരിച്ച ടിസാകിന്റെ ചുണകുട്ടന്മാർ നേതാക്കന്മാർക്കു കരുത്തു പകരുവാൻ ഇരു ഭാഗവും അണിനിരന്നു.

ഇന്ത്യ ഫെസ്റ്റ് മുഖ്യ സംഘാടകനും ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ചെയർമാനുമായ ജെയിംസ് കൂടലും ഡബ്ലിയുഎംസി പ്രസിഡണ്ട് തോമസ്ഡ് മൊട്ടക്കലും വടംവലിക്കാരോടൊപ്പ,ചേർന്നപ്പോൾ നിറഞ്ഞു നിന്ന സദസ്സിന്റെ നിലയ്ക്കാത്ത കൈയടി കിക്ക് ഓഫിനെ ആവേശ ഭരിതമാക്കി. റോബിൻ ഇലക്കാട്ടും രമേശ് ചെന്നിത്തലയും വടംവലിക്കു ഭാവുകങ്ങൾ നേർന്നു. രമേശ് ചെന്നിത്തല ടിസാക് ചാരിറ്റി വിഭാഗം ഉത്ഘാടനം ചെയ്തു

കോട്ടയം സിഎംഎസ് കോളേജിന്റെ കലാ കായിക മേഖലയിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥിനികളെ ഈ വര്ഷം ചാരിറ്റി വിങ് സഹായിക്കും

പ്രസിഡണ്ട് ഡാനി രാജുവിന്റെ നേതൃത്വത്തിൽ 35 ബോർഡ് ഓഫ് ഡയറക്ടർസ് അടങ്ങുന്ന ടിസാക് ഹൂസ്റ്റണിലെ നിരവധി ജീവ കാരുണ്യ പ്രവർത്തങ്ങൾക്കും നേതൃത്വം നൽകി വരുന്നു. ഓഗസ്റ്റ് 9 നു രാവിലെ മുതൽ വൈകുന്നേരം വരെ ഫോർട്ബെൻഡ് കൗണ്ടി എപിക് സെന്ററിൽ നടക്കുന്ന വടംവലി അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലിയായി ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്നു പിആർഓ ജിജി കുളങ്ങര പറഞ്ഞു.




CELEBRATING 30 Yrs Service & Commitment
Blue Ocean
Wealth Solutions
A member of the MassMutual Financial Group
Philipose Samuel
I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals
BUSINESS NEEDS
PERSONAL NEEDS
Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements
Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs
Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*
Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance
Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning
Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies
MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998
Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283
Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഷൈനി വിൽസൻ വിരമിക്കുന്നു; ഇനി ട്രാക്കിനു സ്വന്തം



**സനിൽ പി. തോമസ്**

ഒളിമ്പ്യൻ ഷൈനി വിൽസൻ ശനിയാഴ്ച ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിക്കുമ്പോൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ താരത്തിളക്കം കുറയും. പക്ഷേ, കളിക്കളത്തിൽ ഷൈനിയുടെ സാന്നിദ്ധ്യം കൂടുതൽ പ്രതീക്ഷിക്കാം.



1984 ൽ ആണ് ഷൈനി എഫ്.എസ്.ഐ.യിൽ ചേർന്നത്. എഫ്.സി.ഐ.യുടെ ജനറൽ മാനേജർ കസേരയിൽ ഇരിക്കുമ്പോഴും കഴിവതും മത്സരവേദികളിൽ എത്താൻ ഷൈനി ശ്രദ്ധിച്ചിരുന്നു. മിക്കവാറും ഭർത്താവ് വിൽസൻ ചെറിയാനും കൂട്ടിനുണ്ടായിരുന്നു. വിൽസൻ റയിൽവേയിൽ നിന്നും വിരമിച്ചിട്ട് അധികമായില്ല.

ട്രാക്ക് ആൻഡ് ഫീൽഡിൽ ഇന്നു കേരളം പിന്നാക്കം പോകുമ്പോൾ ടി.സി.യോഹന്നാനും സുരേഷ് ബാബുവും പിന്നീട് പി.ടി.ഉഷയും എം.ഡി.വൽസമ്മയും മേഴ്സി മാത്യു കുട്ടനും ഷൈനി വിൽസനും തിളങ്ങിനിന്ന കാലം ഓർമ്മയിൽ വരുന്നു. ഇവരുടെ തുടർച്ചയായി കെ.എം.ബീനാമോളും അഞ്ജു ബോബി ജോർജും രംഗം കയ്യടക്കി. 4X400 മീറ്റർ വനിതാ റിലേയിൽ ഇന്ത്യൻ ടീമിൽ നാലിൽ മൂന്നും കേരള താരങ്ങൾ എന്നത് ഭൂതകാലത്തിന്റേതായി.

നാല് ഒളിംപിക്സിൽ(1984, 88, 92, 96) മത്സരിച്ച ആദ്യ മലയാളിയാണു, ഷൈനി വിൽസൻ. 2024 ലെ പാരിസ് ഒളിംപിക്സിൽ മത്സരിച്ചുകൊണ്ട് ഹോക്കി താരം പി.ആർ. ശ്രീജേഷ് ഷൈനിയുടെ റെക്കോർഡിന് ഒപ്പമെത്തി. തുടരെ നാല് ലോകകപ്പ് അതലറ്റിക്സിൽ(ലോക ചാമ്പ്യൻഷിപ്പ് അല്ല) ഏഷ്യയെ പ്രതിനിധാനം ചെയ്ത ഷൈനി പക്ഷേ, മൂന്ന് ഏഷ്യൻ ഗെയിംസിൽ(1982, 86, 94) മാത്രമാണ് മത്സരിച്ചത്. ഏഷ്യാഡിൽ റിലേയിൽ നേടിയ സ്വർണ്ണത്തിനും വെള്ളിക്കും പുറമെ ഒരു വെള്ളിയും ഒരു വെങ്കലവും

വ്യക്തിഗത ഇനത്തിൽ നേടി. 1986 ൽ സോളിൽ 800 മീറ്ററിൽ ഒന്നാമതെത്തിയെങ്കിലും ട്രാക്ക് തെറ്റിയതിന്റെ പേരിൽ അയോഗ്യയാക്കപ്പെട്ടതാണ് ഷൈനിയുടെ ട്രാക്ക് ജീവിതത്തിലെ ഏറ്റവും വലിയ തിരിച്ചടി.

ബാർസിലോനയിൽ 1992ൽ നടന്ന ഒളിംപിക്സിൽ ഷൈനി ഇന്ത്യൻ നായികയായിരുന്നു. ഒളിംപിക്സ് ചരിത്രത്തിൽ ദേശീയ പതാകയേന്തിയ ആദ്യ ഇന്ത്യൻ വനിത. ഒളിംപിക്സ് സെമിയിൽ കടന്ന ആദ്യ ഇന്ത്യൻ വനിതയെന്ന നേട്ടം 1984 ൽ തന്നെ ഷൈനി സ്വന്തമാക്കിയിരുന്നു. ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ആറു തവണ മത്സരിച്ച ഷൈനി ഏഴു സ്വർണ്ണവും(മൂന്ന് വ്യക്തിഗത സ്വർണ്ണം), അഞ്ചു വെള്ളിയും രണ്ടു വെങ്കലവുമായി 14 മെഡൽ നേടി. 75 രാജ്യാന്തര മീറ്റുകളിലാണ് ഷൈനി ഇന്ത്യൻ ജേഴ്സി അണിഞ്ഞത്.

പതിനാറു വർഷം നീണ്ട ട്രാക്ക് ജീവിതത്തിൽ 67 മെഡലുമായാണ് ഷൈനി 1998ൽ മുപ്പത്തിമൂന്നാം വയസ്സിൽ വിരമിച്ചത്. പക്ഷേ, അത് ബാങ്കോങ്ക് ഏഷ്യൻ ഗെയിംസിനു തൊട്ടുമുമ്പേ ആയത് അദ്ഭുതപ്പെടുത്തി. 1982ൽ സോളിൽ ജൂനിയർ ഏഷ്യൻ മീറ്റിലൂടെ രാജ്യാന്തര അരങ്ങേറ്റം കുറിച്ച ഷൈനി ഏബ്രഹാം 1988 ൽ വിൽസൻ ചെറിയാനെ വിവാഹം കഴിച്ചതോടെ ഷൈനി വിൽസൻ ആയി.1990 ൽ മത്സര രംഗം വിട്ടെങ്കിലും ശില്പയുടെ അമ്മയായി അടുത്ത വർഷം ഏഷ്യൻ മീറ്റിൽ മടങ്ങിയെത്തി.




ഒരു മിനിറ്റിൽ താഴെ 400 മീറ്റർ ഓടിയെത്തിയ ആദ്യ ഇന്ത്യൻ സ്കൂൾ വിദ്യാർത്ഥിനി, രണ്ടു മിനിറ്റിൽ താഴെ 800 മീറ്റർ ഫിനിഷ് ചെയ്ത ആദ്യ ഇന്ത്യൻ വനിത തുടങ്ങി ഒട്ടേറെ ചരിത്രനേട്ടങ്ങൾ ഷൈനി സാധ്യമാക്കി. കോട്ടയം ഗാന്ധിനഗർ മെഡിക്കൽ കോളജ് ഹൈസ്ക്കൂൽ സ്പോർട്സ് ഡിവിഷനിലും, തിരുവനന്തപുരംം ജി.വി.രാജാ സ്പോർട്സ് സ്ക്കൂളിലും പാലാ അൽഫോൻസ കോള ജിലും പഠിച്ച ഷൈനി ഇടുക്കി വഴിത്തല സെന്റ് ആന്റണീസ് എൽ.പി.സ്ക്കൂളിൽ പഠിക്കുമ്പോൾ ഓടിത്തുടങ്ങിയതാണ്.

വിമർശിച്ച് എഴുതുമ്പോൾ ചില്ലറ പരിഭവങ്ങളൊക്കെ പ്രകടിപ്പിക്കാറുണ്ടെങ്കിലും ഷൈനി വിൽസൻ ആരോടും ശത്രുത മനസ്സിൽ സൂക്ഷിക്കാറില്ല. വളർന്നുവരുന്ന താരങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്നും മുന്നിലുണ്ട്. ഏഷ്യൻ ഗെയിംസിൽ മെഡൽ കൈവരുമ്പോൾ തന്നെ താൻ ലോകം കീഴടക്കിയെന്നു ചിന്തിക്കുന്ന എത്രയോ താരങ്ങളെ കേരളത്തിൽ തന്നെ കണ്ടിട്ടുണ്ട്. ഇവരൊക്കെ മാതൃകയാക്കേണ്ട വ്യക്തിത്വമാണ് ഷൈനിയുടേത്. വിരൽത്തുമ്പുവരെ വിനയം.

ഏറ്റവും ഒടുവിൽ ഷൈനിയെ നേരിട്ടു കണ്ടത് കഴിഞ്ഞ മാസം ആലപ്പുഴ സായ് സെന്ററിൽ സായ് സംഘടിപ്പിച്ച ദേശീയ സെമിനാറിലാണ്. ഓടുമ്പോൾ പിടലിയിട്ട് ഇളക്കുന്ന സ്വഭാവം ഷൈനിക്കുണ്ടായിരുന്നത് ഞാൻ അന്ന് ഓർമിപ്പിച്ചു. ഇന്നായിരുന്നെങ്കിൽ അതൊക്കെ പരിഹരിച്ച് കൂടുതൽ മികവുകാട്ടാൻ കഴിഞ്ഞേനെയെന്നും സൂചിപ്പിച്ചു. ഇതു കേട്ട് 'നമ്മളൊക്കെ 10 വർഷം കഴിഞ്ഞു ജനിച്ചാൽ മതിയായിരുന്നു' എന്ന് വിൽസൻ ഷൈനിയോട് പറഞ്ഞു. സ്പോർട്സ് രംഗം എത്രയോ മുന്നേറിയിരിക്കുന്നു. ഷൈനിയുടെയൊക്കെ തലമുറ എന്തെല്ലാം തടസ്സങ്ങൾ അതിജീവിച്ചാണ് നേട്ടങ്ങൾ കൈവരിച്ചത്. അതുകൊണ്ടു തന്നെ ഷൈനിയുടെ നേട്ടങ്ങൾ ആ കാലഘട്ടത്തിലെ സാഹചര്യങ്ങളുമായി ചേർത്തു കാണണം. അതിന്റെ മൂല്യം എത്ര വലുതാണെന്നും മനസ്സിലാക്കണം.




Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL


Now baking
4 exciting flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum Cakes Freshly Made in USA
Handmade with
Finest Organic
& Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing
Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# മെമ്മോറിയൽ ഡേ വാരാന്ത്യത്തിൽ ക്വീൻസിൽ വീരജവാന്മാർക്ക് ആദരം



ന്യൂയോർക്ക് : ഈ വർഷത്തെ മെമ്മോറിയൽ ഡേ വാരാന്ത്യം വെറുമൊരു അവധിക്കാലത്തിന് അപ്പുറമായി രാജ്യത്തിന് വേണ്ടി ജീവിതം സമർപ്പിച്ചവരുടെ ത്യാഗത്തെ ആദരിക്കാനുള്ള അവസരമായി മാറി. ഈ മഹത്തായ ദിനാചരണത്തിൽ, ന്യൂയോർക്കിലെ ക്വീൻസിലെ ഇന്ത്യൻ കമ്മ്യൂണിറ്റി സന്തൂർ റെസ്റ്റോറന്റിൽ ഉദ്ഘാടന അനുസ്മരണ പരിപാടിക്കായി ഒത്തുകൂടി.ഇങ്ങനൊരു ഒത്തുചേരലിന് നേതൃത്വം നൽകിയത് ഇന്ത്യൻ കമ്മ്യൂണിറ്റി നേതാക്കളായ വർഗീസ് എബ്രഹാമും കോശി ഒ. തോമസും ചേർന്നാണ്.

വീരമൃത്യു വരിച്ചവരുടെ ആത്മാക്കളുടെ നിത്യശാന്തിക്കുവേണ്ടിയും അവരുടെ കുടുംബങ്ങളുടെയും സുഹൃത്തുക്കളുടെയും കരുത്തിനും ആശ്വാസത്തിനും വേണ്ടിയുള്ള പ്രാർത്ഥനകൾ സമ്മേളനത്തിന്റെ ഭാഗമായി നടന്നു. റവ. ഫാദർ ജോൺ തോമസാണ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയത്.അദ്ദേഹം സമാധാനത്തിന്റെ വികാരഭരിതമായ സന്ദേശവും പങ്കുവച്ചു.വീരമൃത്യു വരിച്ചവരുടെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും ഹൃദയംഗമമായ അനുശോചനവും പിന്തുണയും അറിയിക്കുകയും ചെയ്തു. പയനിയർ ക്ലബ് ഓഫ് കേരളൈറ്റ്സ്, ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക് , ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് (ഫോമാ), ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന), വേൾഡ് മലയാളി കൗൺസിൽ എന്നിവയുൾപ്പെടെ നിരവധി മലയാളി സംഘടനകളിൽ നിന്നുള്ള വിശിഷ്ട പ്രതിനിധികളാണ് പരിപാടി സംഘടിപ്പിച്ചത്.

അസംബ്ലിമാൻ എഡ്വേർഡ് ബ്രൗൺസ്റ്റൈന് ഇതേ സമയത്ത് മറ്റൊരു പരിപാടിയിൽ പങ്കെടുക്കേണ്ടിയിരുന്നതിനാൽ അദ്ദേഹം ആദരാഞ്ജലി സന്ദേശം അയയ്ക്കുകയാണ് ചെയ്തത്. രാഷ്ട്രത്തിനുവേണ്ടി ആത്യന്തിക ത്യാഗം ചെയ്ത ധീരരായ പുരുഷന്മാർക്കും സ്ത്രീകൾക്കും ആദരാഞ്ജലി അർപ്പിക്കാനുള്ള സമയമാണ് മെമ്മോറിയൽ ഡേ എന്ന അദ്ദേഹം അഭിപ്രായപ്പെട്ടു. വോട്ടവകാശം, അഭിപ്രായ സ്വാതന്ത്ര്യം, സ്വതന്ത്ര മാധ്യമ പ്രവർത്തനം, ഇഷ്ടമുള്ള മതം ആചരിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവ അമേരിക്കക്കാർ ആസ്വദിക്കുന്നത്



പലരുടെയും ധീരതയുടെയും ത്യാഗത്തിന്റെയും ഫലമായിട്ടാണെന്നും അസംബ്ലിമാൻ കൂട്ടിച്ചേർത്തു.

അമേരിക്കയിലെയും ഇന്ത്യയിലെയും സായുധ സേനകളിൽ നിന്നുള്ള ബഹുമാന്യരായ നേതാക്കൾ വേദിയെ ധന്യമാക്കി. 1965–ലെയും 1971–ലെയും യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുള്ള വിമുക്ത സൈനികനും സെൻട്രൽ റിസർവ് പോലീസ് ഫോഴ്സിലെ മുൻ അംഗവുമായ തോമസ് പോൾ, യുണൈറ്റഡ് സ്റ്റേറ്റ്സ് എയർഫോഴ്സിലെ ലെഫ്റ്റനന്റ് കേണൽ ജോഫീൽ ഫിലിപ്സ്, മാതാവ് ശ്യാമള ഫിലിപ്സ്; ഭാര്യ നീതു ഫിലിപ്സ്; മക്കളായ കൈലോൺ ഫിലിപ ്സ്, ജാക്സൺ ഫിലിപ്സ്, യുണൈറ്റഡ് സ്റ്റേറ്റ്സ് ആർമി ആൻഡ് സഫോക്ക് കൗണ്ടി പോലീസ് ഡിപ്പാർട്ട്മെന്റിലെ മാസ്റ്റർ സർജന്റ് തോമസ് ജോയ്. യുണൈറ്റഡ് സ്റ്റേറ്റ്സ് മറൈൻ കോർപ്സ് റോയ് വിറ്റൻ, ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക് പ്രസിഡന്റ് ഡോ. ഷൈല റോഷൻ തുടങ്ങിയവരെ സമ്മേളനത്തിൽ സ്വാഗതം ചെയ്തു. ഇന്ത്യൻ മിലിട്ടറിയിലും ആശുപത്രികളിലും സേവനമനുഷ്ഠിച്ച നഴ്സുമാരായ മേരി ഫിലിപ്പ്, ലീലാമ്മ അപ്പുക്കുട്ടൻ, ഗ്രേസ് അലക്സാണ്ടർ, ശ്രീമതി റേച്ചൽ ഡേവിഡ്, ഡെയ്സി ജോസഫ് എന്നിവർക്കുപുറമെ ജോണി സക്കറിയ; റവറന്റ് ഫാദർ ജോൺ തോമസിന്റെ പത്നി കുഞ്ഞമ്മ തോമസ്; അപ്പുക്കുട്ടൻ ആറ്റുമ്പുറത്ത്; ഉഷ ജോർജ്; ശോശാമ്മ ആൻഡ്രൂസ്; ലീല മാരേട്ട്, സിസിലി പഴമ്പള്ളിൽ; റിയ അലക്സാണ്ടർ;റോഷൻ മാമ്മൻ; ജോർജ് ചാക്കോ; ഷാജി എണ്ണശേരിൽ തുടങ്ങി വിശിഷ്ട വ്യക്തിത്വങ്ങളും പരിപാടിയിൽ പങ്കെടുത്തു. ആദരിക്കപ്പെട്ട ഈ വ്യക്തികൾ, തങ്ങൾ നേരിട്ട വെല്ലുവിളികളെക്കുറിച്ചും, രാഷ്ട്രസേവനത്തിലുള്ള അഗാധമായ അഭിമാനത്തെക്കുറിച്ചും അനുഭവങ്ങൾ പങ്കുവെച്ചു.




രാജ്യത്തിനുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുകയും വീരമൃത്യു വരിക്കുകയും ചെയ്ത ധീരജവാന്മാർക്കും അവരുടെ കുടുംബങ്ങൾക്കും പങ്കെടുത്ത എല്ലാവരും അഗാധമായ നന്ദി അറിയിച്ചു. ധീരതയോടെയും ദൃഢനിശ്ചയത്തോടെയും സമൂഹത്തെ അക്ഷീണം സംരക്ഷിക്കുന്ന നിലവിലെ സൈനികരെയും അവർ അഭിനന്ദിച്ചു.







NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
QUARTZ SLABS
Hundreds of colors in stock
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# നേഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷന് (നിൻപാ) പുതു നേതൃത്വം

ന്യൂയോർക്: നാഷണൽ ഇന്ത്യൻ നേഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്കയുടെ പുതു നേതൃത്വത്തിന്റെ ഉത്ഘാടനം സൂം മീറ്റിംഗിൽ വിജയകരമായി നടത്തി.




ചെയർ മാൻ, ഡോ. ആനി പോൾ , DNP, MSN, PNP, MPH നിൻപായുടെ ചരിത്രം വിവരിച്ചു. ആരംഭം, വളർച്ച, എഡ്യൂക്കേഷണൽ സെമിനാർ, അമേരിക്കയിലും, ഇന്ത്യയിലും സ്കോളർഷിപ്പും കൊടുക്കുന്നതും ചാരിറ്റി സഹായം നൽകുന്നതും, ഹെൽത്ത്ഫെയർ, വോളന്റീയർ വർക്ക്, ചാരിറ്റിഡോനേഷൻ തുടങ്ങിയ പരിപാടികളെ കുറിച്ചു പവർപോയിന്റിലൂടെ വിവരിച്ചു.

പ്രസിഡണ്ട് ഡോ .ഗ്രേസി മാണി , DNP, MSN, FNP തന്റെ രണ്ടു വർഷത്തെ പരിപാടികളെ പറ്റി വിവരിച്ചു. നിന്പക്കുവേണ്ടി പ്രവർത്തിച്ച ഓരോരുത്തരേയും ഡോ. ഗ്രേസി മാണി പ്രത്യേകം പ്രത്യേകം അഭിനന്ദിക്കുകയും അവർക്കു നന്ദി പറയുകയും ചെയ്തു. അതോടൊപ്പം നിന്പയുടെ വളർച്ചക്കുവേണ്ടി സഹായിച്ചവർക്കും സ്പോൺസർ ചെയ്തവർക്കും നന്ദി പറഞ്ഞു.

പുതിയ പ്രസിഡന്റ് സാറ അമ്പാട്ട്, MSN, FNP, പല തുറകളിലും നേതൃത്വ പാടവം തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. ഇവർ സംഘടനയെ മുന്നോട്ട് നയിക്കാൻ കരുത്തുറ്റ നേതാവാണെന്ന് ഡോ. ആനി പോൾ അഭിപ്രയാപ്പെട്ടു. ചെയർമാൻ ഡോ. ആനി പോൾ പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലി കൊടുത്തു.

പുതിയ പ്രസിഡന്റ് സാറ അമ്പാട്ട്, രണ്ട് വർഷത്തെ പരിപാടികളുടെ രൂപരേഖ സമർപ്പിച്ചു. എൻപി മാരുടെ പ്രൊഫഷണൽ വളർച്ചക്കു കൂടുതൽ പ്രാധാന്യം കൊടുക്കുമെന്നും അവർ തന്റെ പ്രസംഗത്തിൽ കൂട്ടിച്ചേർത്തു. ഡോ.റെബേക്ക പോത്തൻ, DNP, MSN, FNP കൂടുതൽ മെമ്പേഴ്സിനെ ചേർക്കാൻ പ്രയത്നിക്കുമെന്നും , സെക്രട്ടറി സോണി പോൾ, ഒടപ,എപജ, അസോസിയേഷന്റെ പരിപാടികളെ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുമെന്നും വാഗ്ദാനം ചെയ്തു.

എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രസന്ന ബാബു , വൈസ് പ്രസിഡണ്ട് ഡോ. ബിനു കരുൺ, സെക്രട്ടറി സോണി പോൾ, MSN,FNP , ട്രഷറാർ, ഡോ.റെബേക്ക പോത്തൻ, DNP, MSN, FNP ,ജോയിന്റ് സെക്രട്ടറി , ഡോ. വിനീത റോയ് DNP, MSN, PNP ജോയിന്റ് ട്രഷറാർ ലീന ആലപ്പാട്ട്, MSN,FNP എന്നിവരാണ് മറ്റു ഭാരവാഹികൾ . കമ്മിറ്റി ചെയേർസ്, കോ- ചെയേർസ് എല്ലാവരും കൂടി 45 പേരുള്ള ഒരു വലിയ ടീം ആണ് പ്രവത്തന സന്നദ്ധരായിട്ടുള്ളത്. ഈ വർഷം ജനറൽ ബോഡിയുടെ തീ രുമാനസരിച്ചു ഓരോ സ്റ്റേറ്റ്സിൽ നിന്നും (16 സ്റ്റേറ്റ്സ്) സ്റ്റേറ്റ് പ്രതിനിധികളെയും തിരഞ്ഞെടുത്തു.


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# മാവേലിക്കരയിൽ നിന്ന് അമേരിക്കയിലെത്തിയ മാവേലി



മീട്ടു റഹമത്ത് കലാം

കേരളത്തിലേതിനേക്കാൾ കേമമായി എല്ലാ ചിട്ടവട്ടങ്ങളോടെയും ഓണം ആഘോഷിക്കുന്നവരാണ് അമേരിക്കൻ മലയാളികൾ. ഓണം എന്ന് കേൾക്കുമ്പോൾ ഏതൊരാളുടെയും മനസ്സിൽ ആദ്യം കടന്നുവരുന്നത് മഹാബലിയുടെ രൂപമായിരിക്കും. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി ന്യൂയോർക്കിൽ സ്ഥിരതാമസമാക്കിയ അപ്പുകുട്ടൻ പിള്ള, ഇത് അൻപതാം വർഷമാണ് മാവേലിയുടെ വേഷത്തിൽ അണിഞ്ഞൊരുങ്ങി അമേരിക്കൻ മലയാളികളുടെ ഓണാഘോഷത്തിന് മാറ്റുകൂട്ടുന്നത്.

അരങ്ങിൽ അപ്പുക്കുട്ടൻ പിള്ള വന്നുനിന്നാൽ മലയാളികൾ കേട്ടുവളർന്ന ഐതീഹ്യകഥകളിലെ മഹാബലിയായേ തോന്നൂ. ആ ആകാരസൗഷ്ഠവവും പ്രൗഢിയും ഗാംഭീര്യവും ഒത്തിണങ്ങുന്ന മറ്റൊരു രൂപം സങ്കൽപ്പിക്കാൻ കഴിയാത്ത തരത്തിൽ ന്യൂയോർക്കുകാരുടെ ഉള്ളിൽ ഈ മുഖം പതിഞ്ഞുകഴിഞ്ഞിരിക്കുന്നു. അടുത്തറിയുന്നവർക്ക് അദ്ദേഹം 'അപ്പു ചേട്ടനാണ്.' ദാനധർമ്മങ്ങളിലും മനുഷ്യരെ ഒരേപോലെ കാണുന്നതിലും മഹാബലിയുമായി അപ്പു ചേട്ടന് സമാനതയുണ്ടെന്ന് അദ്ദേഹത്തിന്റെ സ്നേഹവായ്പ് ഏറ്റുവാങ്ങിയവർ സമ്മതിക്കും. തുടർച്ചയായി 50 വർഷങ്ങൾ മാവേലിയായി വേഷമിട്ടതിനുള്ള ഗിന്നസ് റെക്കോർഡിനായി അപേക്ഷ സമർപ്പിച്ചതിന്റെ സന്തോഷവും മറ്റു വിശേഷങ്ങളും അപ്പുക്കുട്ടൻ പിള്ള ഇ-മലയാളി വായനക്കാരുമായി പങ്കുവയ്ക്കുന്നു...

**മാവേലിക്കരയിൽ ജനിച്ചതും മാവേലിയായി വേഷം കെട്ടുന്നതിലെ അഭിനിവേശവും തമ്മിൽ ബന്ധമുണ്ടോ?**

മഹാബലിക്കര എന്ന പേര് ലോപിച്ചാണ് മാവേലിക്കര എന്ന് പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. ആ നാട്ടിൽ ജനിച്ചുവളർന്നതുകൊണ്ടാണോ മാവേലിയോട് ഇത്ര ആരാധനയെന്ന് കൃത്യമായി അറിയില്ല. പുരാണകഥകൾ പറഞ്ഞുതന്നത് തിരുവല്ലയിലുള്ള അമ്മൂമ്മയാണ്. അസുരരാജാവായ മഹാബലിയെ വാമനൻ ചവിട്ടിത്താഴ്ത്തുന്നതൊക്കെ അമ്മൂമ്മ പറയുന്നത് കേട്ടിരിക്കുമ്പോൾ കണ്മുൻപിൽ ആ കാഴ്ചകൾ തെളിഞ്ഞുവരും. അന്നേ മാവേലി തമ്പുരാനോട് ഇഷ്ടവും ആരാധനയും മമതയും കടന്നുകൂടി. ഞാൻ വളരുന്നതിനനുസരിച്ച് ആ ഇഷ്ടം കൂടിക്കൂടിവന്നു. മാവേലിയിക്കുറിച്ചുള്ള കൂടുതൽ കഥകൾ അറിയുന്നത് എന്റെ ഭാര്യ രാജമ്മയിൽ നിന്നാണ്. മഹാബലിയോടുള്ള എന്റെ താല്പര്യം മനസ്സിലാക്കി കഥകൾ തേടിപ്പിടിച്ചറിഞ്ഞ് പറഞ്ഞുതരും.

**കലയുമായി ബന്ധപ്പെട്ട് ചെറുപ്പകാലത്തെ ഓർമ്മ?**

പത്താം ക്ലാസിൽ പഠിക്കുന്ന സമയത്തെ ഒരനുഭവം പറയാം. കായംകുളം സ്വദേശിയായ കുമാരൻ എന്നൊരു കലാകാരന് എന്റെ അച്ഛൻ മുറി വാടകയ്ക്ക് കൊടുത്തിരുന്നു. സമീപപ്രദേശത്തെ ഒരുപാട് കുട്ടികൾ അദ്ദേഹത്തിന് കീഴിൽ നൃത്തം അഭ്യസിക്കാൻ അവിടെ എത്തിയിരുന്നു. അച്ഛൻ വാധ്യാരായിരുന്നതുകൊണ്ട് അതിന്റെ കർക്കശം കാണിക്കുകയും പഠിത്തത്തിൽ ശ്രദ്ധ കുറയുമെന്ന പേരിൽ കലാകാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാനായിരുന്നു ഉപദേശിക്കാറ്. ആശാനോട് എന്നെയും നൃത്തം പഠിപ്പിക്കാമോ എന്ന് ചോദിച്ചപ്പോൾ കുട്ടൻ പിള്ള സർ (എന്റെ അച്ഛൻ) അറിഞ്ഞാൽ പ്രശ്നമാകുമെന്ന് പറഞ്ഞ് സ്നേഹപൂർവ്വം ഒഴിവാക്കി. അങ്ങനെയിരിക്കെ ഒരുദിവസം അദ്ദേഹം പരിപാടിയുമായി ബന്ധപ്പെട്ട് എവിടെയോ പോയപ്പോൾ മുറിയുടെ താക്കോൽ അച്ഛനെ ഏൽപ്പിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ ആ താക്കോൽ കൈക്കലാക്കി, ആ മുറിതുറന്ന് അദ്ദേഹത്തിന്റെ കോസ്റ്റ്യൂമും കിരീടവും എടുത്ത് അണിഞ്ഞ് കണ്ണാടിയിൽ നോക്കി.തൊട്ടടുത്ത് താമസിച്ചിരുന്ന ചാവക്കാട്ടെ ശാന്തയ്ക്കന്ന് പന്ത്രണ്ട് വയസ്സുകാണും. അവളാണ് മേക്കപ്പ്

ചെയ്തുതന്നത്. അച്ഛൻ വന്നുകണ്ടതും എന്നെ പൊതിരെ തല്ലി. അന്ന് ചെയ്തത് തെറ്റായിരുന്നെന്ന് ഒരിക്കലും തോന്നിയിട്ടില്ല. ആശാന്റെ ഒരു നാടകത്തിൽ എനിക്ക് ഭടന്റെ വേഷം തന്നിട്ടുണ്ട്. ഡയലോഗൊന്നും ഉണ്ടായിരുന്നില്ല. അതാണ് ചെറുപ്പകാലത്തെ മറക്കാനാകാത്ത ഓർമ്മ.

**നാട്ടിൽ വച്ച് മാവേലിയുടെ വേഷം കിട്ടിയിട്ടുണ്ടോ?**

ചങ്ങനാശ്ശേരി എൻഎസ്എസ് കോളജിൽ ബി.എ യ്ക്ക് പഠിക്കുമ്പോഴാണ് മാവേലിയായി വേഷമിടാമോ എന്ന് സുഹൃത്തുക്കൾ ചോദിക്കുന്നത്. ഓണാഘോഷത്തോടൊപ്പം ആർട്സ് ക്ലബ് ഉദ്ഘാടനത്തിന് മുഖ്യാതിഥിയായി പ്രേംനസീർ പങ്കെടുക്കുന്ന വേദിയാണ്. എനിക്ക് കൂടുതൽ ചിന്തിക്കാനൊന്നുമുണ്ടായിരുന്നില്ല. എല്ലാരുടെയും ശ്രദ്ധ പിടിച്ചുപറ്റാമല്ലോ എന്നതായിരുന്നിരിക്കാം ആ പ്രായത്തിലെ ചിന്ത. ജയകേരള നൃത്ത വിദ്യാലയം നടത്തിയിരുന്ന അരവിന്ദാക്ഷ മേനോനാണ് (നർത്തകിയും നടിയുമായ ശാലു മേനോന്റെ അമ്മാവൻ)അന്ന് എന്നെ മാവേലിയായി അണിയിച്ചൊരുക്കിയത്.

**അമേരിക്കയിലേക്ക് വന്നതും ഇവിടെ മാവേലി ആയി വേഷമിട്ടതും?**

അടൂർ പോലീസ് സ്റ്റേഷനിൽ ഒന്നരവർഷക്കാലം എസ്.ഐ ആയിരുന്നു. ഭാര്യ രാജമ്മ 1971 മുതൽ അമേരിക്കയിലാണ്. വിവാഹശേഷം 75- ലാണ് ഞാൻ ഇങ്ങോട്ടേക്ക് വന്നത്. ഇവിടെ എത്തിയിട്ട് ഇത് അൻപതാം വർഷമാണ്. തിരുവല്ല ബേബി എന്ന വ്യക്തിയാണ് അമേരിക്കയിൽ എത്തിയശേഷം ആദ്യമായി കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന സംഘടനയ്ക്കുവേണ്ടി മാവേലി വേഷം ചെയ്യാമോ എന്ന് ചോദിച്ചത്. കോസ്റ്റ്യൂം അടക്കം എല്ലാക്കാര്യങ്ങളും അദ്ദേഹം തന്നെ ചെയ്തുതന്നു. ബേബിച്ചായൻ ഇന്ന് നമ്മോടൊപ്പമില്ലെങ്കിലും ഓരോ ഓണക്കാലത്തും ഞാൻ അദ്ദേഹത്തെ ഓർക്കാറുണ്ട്.പെരുമറ്റം പൗലോസ് എന്ന സുഹൃത്തും കുറേക്കാലം മേക്കപ്പ് ചെയ്തുതന്നിട്ടുണ്ട്.യുഎസ് പോസ്റ്റൽ ഡിപ്പാർട്മെന്റിൽ 32 വർഷങ്ങൾ സേവനമനുഷ്ഠിച്ച






ശേഷം സൂപ്പർവൈസറായാണ് വിരമിച്ചത്. അമേരിക്കയിൽ എഴുനൂറോളം സ്റ്റേജുകളിൽ മാവേലിയായി വേഷമിട്ടു.

**കോവിഡ് സമയത്തും മഹാബലിയായി വേഷം കെട്ടിയിരുന്നോ? ഈ വർഷവും മാവേലിയാകാൻ ക്ഷണമുണ്ടോ?**

കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിൽ മാവേലിയുടെ വേഷം കെട്ടാതെ ഒരു ഓണക്കാലവുംകഴിഞ്ഞുപോയിട്ടില്ല എന്നതൊരു സൗഭാഗ്യമായി കാണുന്നു. സാധാരണഗതിയിൽ ഒരു ഓണസീസണിൽ 20 സ്റ്റേജിൽ കയറേണ്ടി വരും. കോവിഡ് മൂലം പതിവുരീതിയിലെ ആഘോഷങ്ങൾ ഇല്ലാതിരുന്ന 2020 ൽപോലും ഞാൻ മഹാബലിയായി ഒരുങ്ങിയിരുന്നു. അൻപതിൽ താഴെ ആളുകൾ



മാസ്ക് ധരിച്ച് സാമൂഹിക അകലവും മറ്റ് പ്രോട്ടോക്കോളും പാലിച്ച് നടന്ന ഒത്തുചേരലിൽ മാവേലിയായതുകൊണ്ട് ഞാൻ മാത്രം മാസ്ക് വച്ചില്ല.ഈ വർഷത്തെ ഓണത്തിന് മാവേലിയുടെ വേഷം കെട്ടുന്നതിനുള്ള ക്ഷണങ്ങൾ വന്നുതുടങ്ങി. സെപ്റ്റംബർ 6 ന് തന്നെ എസ്എൻഡിപി, കേരള സമാജം, കേരള സെന്റർ എന്നിങ്ങനെ മൂന്ന് സംഘടനകളുടെ ഓണപരിപാടിയുണ്ട്. എല്ലായിടത്തും ഓടിയെത്താൻ സാധിക്കില്ല. സ്നേഹത്തിന്റെ പുറത്ത് പല ക്ഷണങ്ങളും നിരസിക്കാറില്ല. ന്യൂജേഴ്സിയിൽ വച്ച് നടക്കുന്ന കെഎച്ച്എൻഎ യുടെ കൺവൻഷന് അനുബന്ധമായി നടക്കുന്ന ഘോഷയാത്രയിലും ഞാനാണ് മാവേലി. ഇതൊന്നും പ്രതിഫലത്തിനുവേണ്ടി ചെയ്യുന്നതല്ല. കോസ്റ്റ്യൂമും മേക്കപ്പും എല്ലാം സ്വന്തം കയ്യിൽ നിന്നുള്ള പണം ഉപയോഗിച്ചാണ്. വീട്ടിൽ മാവേലിയുടെ ഏഴ് കോസ്റ്റ്യൂംസും മൂന്ന് ഓലക്കുടകളമുണ്ട്.നാട്ടിൽ നിന്ന് കൊണ്ടുവന്നതാണ്. വൈകാരികമായൊരു അടുപ്പം ഉള്ളതുകൊണ്ട് അത് ഞാൻ ആർക്കും കൊടുക്കില്ല.സിനിമാബന്ധങ്ങൾ ഉള്ളതുകൊണ്ട് പട്ടണം റഷീദ്, ഇന്ദ്രൻസ് എന്നിവരൊക്കെ എന്റെ അളവെടുത്ത് മഹാബലിയുടെ കോസ്റ്റ്യൂം തയാറാക്കിത്തന്നിട്ടുണ്ട്.

ചാനൽ 24, ഏഷ്യാനെറ്റ്, സ്റ്റേജ് ഷോകൾ എന്നിങ്ങനെ അനവധി പ്ലാറ്റ്ഫോമുകളിൽ മാവേലിയായി പ്രത്യക്ഷപ്പെടാൻ അവസരവുണ്ടായിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ലോക കേരള സഭയുടെ യോഗത്തിന് ടൈം സ്ക്വയറിൽ വന്നപ്പോൾ ഞാൻ അതിന്റെ മാഗസിൻ കമ്മിറ്റി അംഗമായിരുന്നു.എൻഎസ്എസിന്റെ കേരള കൺവൻഷൻ വേദിയിൽ വച്ച് പത്മനാഭപുരം കൊട്ടാരത്തിലെ ലക്ഷ്മിബായ് തമ്പുരാട്ടി എന്നെ കിരീടമണിയിച്ച് ആദരിച്ചിട്ടുണ്ട്.

**മാവേലിയായുള്ള മേക്കോവറിന് പ്രത്യേക ഡയറ്റ് പ്ലാനുണ്ടോ?**

ഓണസമയമാകുമ്പോൾ അപ്പുക്കുട്ടൻ പിള്ള സുന്ദരനായി വരുന്നതിന്റെ രഹസ്യം എന്താണെന്ന് ചിലർ ചോദിക്കും. മാവേലിയുടെ ലൂക്കിനു വേണ്ടി ശരീരമൊന്ന് പുഷ്ടിപ്പെടുത്താറുണ്ടെന്നത് സത്യമാണ്. രാജാവ് എന്നു പറയുമ്പോൾ ആ ഒരു തലയെടുപ്പ് വേണമല്ലോ! പ്രായം കൂടിയപ്പോൾ അധികം മേക്കപ്പ് ഇല്ലാതെ തന്നെ മഹാബലിയുടെ ഛായ വന്നിട്ടുണ്ടെന്നാണ് പലരുടെയും കമന്റ്. അതൊക്കെ കേൾക്കുമ്പോൾ ഉള്ളിൽ സന്തോഷമാണ്.

**കലാപ്രവർത്തനങ്ങൾ? സംഘടനാപ്രവർത്തനങ്ങൾ?**

മുല്ലമൊട്ടും മുന്തിരിച്ചാറും,സ്വർണ്ണം,കാഞ്ചിപുരത്തെ കല്യാണം എന്നീ ചിത്രങ്ങൾ നിർമ്മിച്ചു. ഗണേഷ് നായരുടെ സംവിധാനത്തിൽ അമേരിക്കയിൽ ചിത്രീകരിച്ച 'അവർക്കൊപ്പം' എന്ന സിനിമയിലാണ് ഒടുവിൽ അഭിനയിച്ചത്. കെ.സി.എ.എൻ.എയുടെ ആഭിമുഖ്യത്തിൽ കൊളംബിയ ഓഡിറ്റോറിയത്തിൽ അരങ്ങേറിയ എൻ.എം. പിള്ളയുടെ ഗറില്ലാ എന്ന നാടകത്തിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചു. തകിൽ വായിക്കും, കുടുക്കുകൊട്ടും. ഫ്രണ്ട്സ് ഓഫ് കേരള എന്ന പേരിൽ ചെണ്ട ഗ്രൂപ്പുണ്ട്. കലാമണ്ഡലം ശിവദാസമേനോനാണ് ജോലിയിൽ നിന്ന് വിരമിച്ച, കലയിൽ താല്പര്യമുള്ള ഞങ്ങളെ പരിശീലിപ്പിക്കുന്നത്. ഓരോ അവധിക്ക് നാട്ടിൽ വരുമ്പോഴും രണ്ടു

ചെണ്ടയെങ്കിലും വാങ്ങിക്കൊണ്ടു വരും. മലയാളികൾ പലപ്പോഴും മറന്നുപോകുന്ന നമ്മുടെ തനതു കലകൾ അടുത്ത തലമുറയ്ക്കു കൂടി പകർന്നുകൊടുക്കണമെന്ന ഉദ്ദേശത്തോടെ നിരവധി കുട്ടികളെ ചെണ്ട അഭ്യസിപ്പിക്കുന്നുണ്ട്. ശിഷ്യഗണങ്ങൾക്കൊപ്പം ചെണ്ടമേളം നടത്തുന്നത് പ്രത്യേക സന്തോഷമാണ്. കെഎച്ച്എൻഎയ്ക്കുവേണ്ടി മന്നത്ത് പത്മനാഭന്റെ ജീവചരിത്രം നാടകമാക്കിയതിൽ ഒരു വേഷം ചെയ്തു. ഓട്ടൻതുള്ളലും ഏറെ ആസ്വദിച്ച് ചെയ്യുന്ന ഒന്നാണ്.അച്ഛന്റെ ബന്ധുവിൽ നിന്നാണ് തുള്ളൽ അഭ്യസിച്ചത്. അദ്ദേഹം വേദി ഒഴിഞ്ഞപ്പോൾ കോസ്റ്റ്യൂമൊക്കെ ഞാൻ പോയി വാങ്ങി. അനുഗ്രഹാശിസ്സുകളോടെ





നൽകിയതുകൊണ്ടാകാം, ആ വേഷം കെട്ടിയ സ്റ്റേജുകളിലെല്ലാം പ്രേക്ഷകരുടെ നിറഞ്ഞ കയ്യടി നേടാൻ സാധിച്ചിട്ടുണ്ട്.

കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് ന്യൂയോർക്കിൽ 48 വർഷമായി സജീവമാണ്. അതിന്റെ സ്ഥാപക അംഗമാണ്. മലയാളി അസോസിയേഷൻ,പയനീർ ക്ലബ് എല്ലാത്തിലും അംഗമാണ്. ഫൊക്കാനയുടെ ന്യൂയോർക്കിൽ നടന്ന പ്രഥമ കൺവെൻഷനിലെ പ്രധാന സംഘടകരിൽ ഒരാളായിരുന്നു. ഈ വരുന്ന കൺവൻഷനിലും പങ്കെടുക്കുന്നുണ്ട്. കെഎച്ച്എൻഎ യുടെ ബോർഡ് അംഗവും സംഘാടകനുമാണ്.ഇതുകൂടാതെ ഇവന്റ് മാനേജ്മെന്റ് നടത്തുന്നുണ്ട്. പ്രതിഭ ആർട്സ് ഓഫ് ന്യൂയോർക്ക് എന്നൊരു ഗ്രൂപ്പുമുണ്ട്.

**അൻപത് വർഷം തുടർച്ചയായി മഹാബലി വേഷം കെട്ടിയ മറ്റൊരാൾ ഉണ്ടെന്ന് അറിവില്ല. അതുതന്നെയാണോ ഗിന്നസിൽ അപേക്ഷിക്കാൻ പ്രേരണയായത്?**

2025 ഏപ്രിൽ 14 ന് തുടർച്ചയായി അൻപത് വർഷങ്ങളിൽ മാവേലിയായി വേഷമിട്ടതിന്റെ ആദരവ് ഏറ്റുവാങ്ങി. ഇതൊരു അപൂർവ്വഭാഗ്യമാണെന്നും മറ്റാർക്കും ഇങ്ങനൊരു അവകാശവാദം ഉന്നയിക്കാൻ സാധിക്കില്ലെന്നും എല്ലാവരും പറഞ്ഞതോടെയാണ് ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സിന് അപേക്ഷ സമർപ്പിച്ചത്. അതിന്റെ പേപ്പർവർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഗിന്നസിൽ കയറിയാൽ അതും അമേരിക്കൻ മലയാളികൾക്ക് ഒരു അഭിമാനമാകുമല്ലോ.

**ഭാര്യയുടെ പിന്തുണ?**

ഭാര്യ ഇല്ലെങ്കിൽ ഞാൻ വട്ടപ്പൂജ്യമാണെന്ന് ഏത് സ്റ്റേജിലും തുറന്നുപറയും. ന്യൂയോർക്ക് സിറ്റി പോലീസ് ഡിപ്പാർട്മെന്റിന്റെ ഓണാഘോഷത്തിൽ മാവേലിയായി പങ്കെടുക്കാൻ ക്ഷണിച്ച ദിവസം രാജമ്മയുടെ തോളിനൊരു ശസ്ത്രക്രിയ വേണ്ടിവന്നു. സത്യത്തിൽ ആ ദിവസമാണ് അവളുടെ വില മനസ്സിലായത്. വേറെ ആര് ഒരുക്കിയാലും എനിക്കത്രയും തൃപ്തി തോന്നാറില്ല. മാലകളൊക്കെ അടുക്കി ഇട്ട് ചക്രവർത്തിയുടെ പൂർണ്ണത ലഭിക്കാൻ രാജമ്മ ഒരുപാട് മെനക്കേടും. മറ്റൊരാൾക്ക് നമ്മളോട് അത്രയും ആത്മാർത്ഥത തോന്നില്ലല്ലോ. കൈ ശരിയായശേഷം ഇപ്പോൾ വീണ്ടും അവൾ തന്നെയാണ് ഒരുക്കുന്നത്. മാവേലി വേഷത്തിന്റെ അൻപതാം വർഷം പ്രമാണിച്ച് എന്നെ പൊന്നാടയണിയിക്കുന്നതിന് മുൻപ് രാജമ്മയെയാണ് സംഘാടകർ ആദരിച്ചത്. അവൾ അത് അർഹിക്കുന്നുണ്ട്.

**മാവേലിയുടെ ഏതെങ്കിലും സ്വഭാവസവിശേഷത താങ്കളുടെ ഉള്ളിൽ കയറിക്കൂടിയതായി തോന്നിയിട്ടുണ്ടോ?**

മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സ് ചെറുപ്പം മുതലുണ്ട്. എന്നാലും, ചാരിറ്റി പ്രവർത്തനങ്ങൾ കൂടുതലായി ചെയ്തു തുടങ്ങിയത് മഹാബലിയായി വേഷംകെട്ടി തുടങ്ങിയശേഷമാണ്. മാവേലി പാതാളത്തിൽനിന്ന് തന്റെ പ്രജകളെ കാണാൻ വർഷത്തിലൊരിക്കൽ വരുന്നതുപോലെ അമേരിക്കയിൽ നിന്ന് കേരളത്തിൽ ഒരിക്കലെങ്കിലും വന്ന് എന്നെക്കൊണ്ട് കഴിയുന്ന സഹായങ്ങൾ നാട്ടിലുള്ളവർക്ക് ചെയ്യാറുണ്ട്. എല്ലാ വർഷവും ആറ്റുകാലിൽ പൊങ്കാലയിടാൻ വരുന്ന ഭക്തർക്ക് താമസസൗകര്യവും ഭക്ഷണവും ഒരുക്കി നൽകാറുണ്ട്. ഞങ്ങൾക്ക് മൂന്ന് പെൺമക്കളാണ്. അമേരിക്കയിൽ ജനിച്ചുവളർന്നിട്ടും നല്ല അസ്സലായി




മൂവരും മലയാളം പറയും. എല്ലാവർഷവും നാട്ടിൽ വരാറുണ്ട്. മൂത്തമകൾ ബിന്ദു പിള്ള ഡോക്ടറാണ്.ഗൈനക്കോളജിസ്റ്റായ തമിഴ്-മലയാളി ശ്യാമളൻ സത്യശീലനാണ് ഭർത്താവ്,മക്കൾ:ആര്യൻ,അശായ. രണ്ടാമത്തെയാൾ ബിനു പിള്ള ന്യൂയോർക്ക് സിറ്റിയിലെ ആദ്യത്തെ മലയാളി വനിതാപൊലീസ് ഓഫീസറാണ്. ഭർത്താവ് അബ്ദുൽ നസീർ,മകൻ റിസാൻ. ഇളയയാൾ ഇന്ദു പിള്ള ഐടി മേഖലയിലാണ്.ഗുജറാത്തിയായ രാജാ ചന്ദാണ് ഭർത്താവ്,മകൾ: ആദിയ ഷാ. മൂന്ന് മക്കളും അവരുടെ ഇഷ്ടം പറഞ്ഞപ്പോൾ ഭാഷയോ മതമോ നോക്കാതെ അവരുടെ വിവാഹം നടത്തിക്കൊടുത്ത വ്യക്തിയാണ് ഞാൻ. 'മാനുഷരെല്ലാരും ഒന്നുപോലെ' എന്ന് കാണാനുള്ള മാവേലിത്തമ്പുരാന്റെ മനസ്സുണ്ടെന്നതിന് കൂടുതൽ തെളിവ് വേണ്ടല്ലോ.




KALYAN
JEWELLERS
NEW JERSEY
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# അമേരിക്കയിൽ ക്നാനായ രൂപതയ്ക്ക് സാധ്യത തെളിയുന്നു;

## മാർ റാഫേൽ തട്ടിലിന്റെ വാഗ്ദാനം പ്രതീക്ഷയുണർത്തുന്നു



**അനിൽ മറ്റത്തിക്കുന്നേൽ**

ഷിക്കാഗോ: ക്നാനായ സമുദായം മനസ്സിൽ എന്ത് ആഗ്രഹിക്കുന്നോ ആ സ്വപ്നങ്ങൾ എല്ലാം നേടിയെടുക്കാൻ ശക്തമായി കൂടെ നിൽക്കുമെന്ന് സിറോ മലബാർ സഭ മേലധ്യക്ഷൻ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ. ഷിക്കാഗോയിലെ രണ്ടാമത്തെ ക്നാനായ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി നടന്ന സ്വീകരണച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ. ക്നാനായ സമുദായത്തിന്റെ കൂട്ടായ്മയുടെ ഊഷ്മളതയും ഒത്തൊരുമയും അതിശയകരമാണ്. സഭയുടെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന നിലവറയാണ് ക്നാനായ സമൂഹം-മാർ റാഫേൽ തട്ടിൽ പറഞ്ഞു. സിറോ മലബാർ സഭയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുകയും സഭയുടെ പ്രതിസന്ധി കാലങ്ങളിൽ കൈവിടാതെ കൂടെ നിൽക്കുകയും സഹായിക്കുകയും ചെയ്തവരാണ് ക്നാനായ സമൂഹം. അതിനാൽ ആ സമൂഹത്തിന്റെ വളർച്ചക്കും കെട്ടുറപ്പിനും ആവശ്യമുള്ളതെല്ലാം ലഭിക്കാൻ സിറോ മലബാർ സഭ കൂടെ നിൽക്കുമെന്ന് ഉറപ്പു നൽകുന്നതായി തട്ടിൽ പിതാവ് പറഞ്ഞു.

മെയ് 29 വ്യാഴാഴ്ച്ച വൈകിട്ട് 6 മണിക്ക് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്,ഷിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ഷിക്കാഗോ സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരോടൊപ്പം എത്തിയ റാഫേൽ പിതാവിന് കൈക്കാരൻമാർ ബൊക്കെ നൽകി സ്വീകരിക്കുകയും, താളമേളങ്ങളുടെയും താലപ്പൊലികളുടെയും അകമ്പടിയോടെ ദൈവാലയത്തിലേക്ക് നയിക്കുകയും ചെയ്തു. തുടർന്ന് ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി ആഘോഷമായ പൊന്തിഫിക്കൽ കുർബ്ബാനയർപ്പണം അഭിവന്ദ്യ മാർ റാഫേൽ തട്ടിലിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട്, മാർ ജേക്കബ്





അങ്ങാടിയത്ത് എന്നിവരോടൊപ്പം ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, ഇടവകയുടെ സ്ഥാപക വികാരി ഫാ. എബ്രഹാം മുത്തോലത്ത്, വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, ഫാ. ഫ്രാൻസിസ് ഇലവുത്തുങ്കൽ എന്നിവർ സഹകാർമ്മികരായിരിന്നു.

ദൈവത്തിന്റെ പദ്ധതിക്ക് സ്വയം വിട്ടുകൊടുക്കുന്നവരുടെ പദ്ധതികൾ ദൈവം ആഗ്രഹിക്കുന്ന സമയത്ത് ഉചിതമായ രീതിയിൽ പൂർത്തീകരിക്കപ്പെടും എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഷിക്കാഗോയിലെ



ക്നാനായ സമൂഹത്തിന്റെ വളർച്ച എന്ന് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് കുർബാനക്കിടെയുള്ള പ്രസംഗത്തിൽ പറഞ്ഞു. നമ്മുടെ ആധ്യാത്മിക വളർച്ചക്ക് സഹായിക്കുന്ന സഭാ സംവിധാനങ്ങളോട് പൂർണമായും ചേർന്നു നിന്നുകൊണ്ട് സഭയുടെ വളർച്ചയ്ക്ക് പങ്കുകാരകുമ്പോൾ പരിശുദ്ധാത്മാവ് ശരിയായ രീതിയിൽ വഴി നടത്തുമെന്നും പിതാവ് പറഞ്ഞു. കഴിഞ്ഞ 15 വർഷം സെന്റ് മേരീസ് ഇടവകയ്ക്ക് ദൈവം നൽകിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർമിക്കുകയും കൂടുതൽ അനുഗ്രഹങ്ങൾക്കായി പ്രാർഥിക്കുകയും, യത്നിക്കുകയും ചെയ്യണമെന്നും പിതാവ് ആഹ്വാനം ചെയ്തു. ഓരോ ആവശ്യങ്ങളിലും, പ്രതിസന്ധികളിലും കൂടെ നിൽക്കുകയും, സാമുദായികമായും സഭാപരമായുമുള്ള നിലനിൽപ്പിന് സഹായിക്കുകയും ചെയ്ത സീറോ മലബാർ സഭയുടെ പിതാക്കന്മാരെയും ചിക്കാഗോ രൂപതയുടെ പിതാക്കന്മാരെയും നന്ദിയോടെ പ്രാർത്ഥനയിൽ ഓർക്കുകയും, കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ അവർക്ക് ശക്തിപകരുവാനായി തീഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്യണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ ക്നാനായ കാത്തലിക് റീജൻ ഡയറക്ടറും വികാരി ജനറലുമായ മോൺ. തോമസ് മുളവനാൽ ഏവർക്കും ക്നാനായ റീജിയന്റെ പേരിൽ സ്വാഗതം ആശംസിച്ചു. സിറോ മലബാർ സഭ , പ്രത്യേകിച്ച് പിതാക്കന്മാരായ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോയി ആലപ്പാട്ട് എന്നിവർ ക്നാനായ സമുദായത്തിന് ചെയ്തുതന്ന എല്ലാ സേവനങ്ങളേയും അദ്ദേഹം പ്രത്യേകം പ്രശംസിച്ചു. അഭിവന്ദ്യ മൂലക്കാട്ട് പിതാവ് ഈ സമുദായത്തെ എത്രമാത്രം സ്നേഹിക്കുന്നു എന്നും ഈ സമുദായത്തിനു വേണ്ടി എത്രമാത്രം ത്യാഗം സഹിക്കുന്നു എന്നും മുളവനാൽ അച്ചൻ അനുസ്മരിച്ചു.

ഇടവക വികാരി ഫാ. സിജു മുടക്കോടിൽ സ്വീകരണ സമ്മേളനത്തിൽ ഔപചാരികമായ സ്വാഗതം ആശംസിച്ചു. സെന്റ് മേരീസ് ക്നാനായ ഇടവകയുടെ വളർച്ചയിൽ നിസ്തുല സേവനങ്ങൾ നൽകിയ ഓരോരുത്തർക്കും അഭിമാനിക്കാവുന്ന നിമിഷങ്ങളാണ് പതിഞ്ചാം വാർഷികത്തിന്റെ വേളയിൽ സംജാതമായിരിക്കുന്നത് എന്ന് അദ്ദേഹം സൂചിപ്പിച്ചു. പരിശുദ്ധ കുർബ്ബാന മദ്ധ്യേ മധ്യസ്ഥപ്രാർത്ഥനയിൽ പേരെടുത്ത് പരാമര്ശിക്കപെടുന്നവരിൽ മാർപ്പാപ്പയോഴിച്ച് എല്ലാവരും ഒരേ അൾത്താരയിൽ അണിനിരന്നുകൊണ്ട് അർപ്പിച്ച ദിവ്യബലി ഈ ഇടവകയുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിട്ട് കണക്കാക്കാം എന്ന് അദ്ദേഹം അറിയിച്ചു. ക്നാനായ സമൂഹത്തോട് എന്നും സ്നേഹവും ആദരവും പ്രകടിപ്പിച്ചിട്ടുള്ള അഭിവന്ദ്യ മാർ റഫേൽ തട്ടിൽ പിതാവ്, ക്നാനായ സമൂഹത്തിന്റെ സഭാപരമായ വളർച്ചയിൽ നിർണ്ണായകമായ ഇടപെടലുകൾ നടത്തും എന്നതിൽ സംശയത്തിന്റെ ആവശ്യമില്ല എന്നും അദ്ദേഹത്തിന്റെ സാന്നിധ്യം ഇടവകയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരും എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഷിക്കാഗോ സിറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ഷിക്കാഗോ സിറോ മലബാർ രൂപത പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ബിഷപ്പുമാരായ മാർ ആലപ്പാട്ടും മാർ അങ്ങാടിയത്തും സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ 15 ാം വാർഷികത്തിൽ ആശംസകൾ അർപ്പിച്ചു. സെന്റ് മേരീസ് ദൈവാലയത്തിന്റെ സ്ഥാപനത്തിനും വളർച്ചക്കും കൂടെ നിന്ന എല്ലാ വിശ്വാസികളേയും



നന്ദിയോടെ സ്മരിക്കുകയും സഭ വിശ്വാസത്തിൽ ഇനിയും വളരേണ്ടതിന്റെ പ്രധാന്യം ഇരുവരും വ്യക്തമാക്കുകയും ചെയ്തു. ക്നാനായ സമൂഹത്തിന് പുതിയ രൂപത എന്ന ആവശ്യം ദൈവം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ നടപ്പാകുമെന്ന് മാർ അങ്ങാടിയത്ത് പിതാവ് പറഞ്ഞു. അമേരിക്കയിലെ സിറോ മലബാർ സഭയുടെ കീഴിലെ മൂന്നിലൊന്ന് ക്നാനായ സമൂഹമാണെന്നും അതിനാൽ ആ സമൂഹത്തിന്റെ ശക്തി വളരെ വലുതാണെന്നും മാർ ആലപ്പാട്ട് പറഞ്ഞു.



ഇടവകയുടെ സ്ഥാപക വികാരി ഫാ. എബ്രഹാം മുത്തോലത്ത് നടത്തിയ ആശംസ പ്രസംഗത്തിൽ സെന്റ് മേരീസ് ഇടവകയുടെ രൂപീകരണത്തിനു പിന്നിലെ ത്യാഗവും കഷ്ടപ്പാടും വേദനയും അണിയറയിൽ പ്രവർത്തിച്ചവരുടെ സമർപ്പണവും അനുസ്മരിക്കുകയുണ്ടായി. ബൈബിളിൽ പറഞ്ഞിരിക്കുന്നപോലെ ഒരു ഗർഭിണി തന്റെ പ്രസവവേദന ആരംഭിക്കുമ്പോൾ ദുഖിക്കുന്നു, എന്നാൽ കുഞ്ഞു പിറന്നു കഴിയുമ്പോൾ ഒരു മനുഷ്യൻ ഈ ലോകത്ത് ജനിച്ചതോർത്ത് അവൾ സന്തോഷിക്കുന്നു. അതുപോലെയായിരുന്നു തന്റെ അവസ്ഥയുമെന്ന് ഫാ. മുത്തോലത്ത് പറഞ്ഞു. വളരെയേറെ ബുദ്ധിമുട്ടുകളും വേദനയും സഹിച്ചാണ് ഷിക്കാഗോയിലെ രണ്ട് ക്നാനായ ഇടവകകൾക്ക് അദ്ദേഹം രൂപം നൽകിയത്. എന്നാൽ അതിൽ അദ്ദേഹം ഏറെ സന്തോഷിക്കുന്നു. പിതാക്കന്മാരായ മാർ മാത്യു മൂലക്കാട്ട്, മാർ ആലഞ്ചേരി, മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരുടെ അകമഴിഞ്ഞ പിന്തുണയ്ക്ക് അച്ചൻ നന്ദി പറഞ്ഞു. ദേവാലയം പണിയാനുള്ള പണം സമാഹരിക്കാൻ മുന്നിട്ടിറങ്ങിയ ഫണ്ട് റെയ്സിംഗ് കമ്മിറ്റിയിലെ തമ്പി വിരുത്തികുളങ്ങര, സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവരെ അദ്ദേഹം നന്ദിപൂർവം ഓർത്തു. സിനഗോഗായിരുന്ന കെട്ടിടത്തെ ഒരു കത്തോലിക്കാ ദൈവാലയമാക്കി മാറ്റുക എന്ന ശ്രമകരമായ ദൗത്യം സമർപ്പണ ബോധത്തോടെ ഏറ്റെടുത്ത് പൂർത്തിയാക്കിയ ഇടവകയുടെ പ്രഥമ ട്രസ്റ്റി കോർഡിനേറ്റർ ബിജു കിഴക്കേക്കുറ്റ്, സഹ ട്രസ്റ്റിമാരായിരുന്ന പീറ്റർ കുളങ്ങര, സാബു തറത്തട്ടേൽ, സെക്രട്ടറി സാജു കണ്ണമ്പള്ളി, അക്കൗണ്ടന്റ് ജോയ്സ് മറ്റത്തിക്കുന്നേൽ, പി ആർ റോയി നെടുംചിറ എന്നിവരുടെ സേവനത്തെയും ഫാ. മുത്തോലത്ത് സ്നേഹപൂർവം ഓർമിപ്പിച്ചു. ഒരു ബാങ്കും ദൈവാലയം സ്വന്തമാക്കുവാൻ ആവശ്യമായ വായ്പ്പ നൽകുവാൻ തയ്യാറാകാതെ വന്നപ്പോൾ, ആ ബാധ്യത സ്വയം ഏറ്റെടുത്ത് ലോൺ ഗ്യാരന്റർമാരായ ജയ്ബു കുളങ്ങര, ഫ്രാൻസിസ് കിഴക്കേക്കൂറ്റ്, ഷാജി എടാട്ട്, ജോസ് ഐക്കരപ്പറമ്പിൽ എന്നിവരെയും അദ്ദേഹം പേരെടുത്ത് പരാമർശിച്ചു. അവരുടെ നന്മയും സൻമനസ്സുമാണ് പള്ളിവാങ്ങാൻ കാരണമായത് എന്ന് മുത്തോലത്ത് അച്ചൻ അനുസ്മരിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി ഇടവകയ്ക്ക് പതിനഞ്ച് വർഷങ്ങളായി നേതൃത്വം നൽകിയ വൈദീകരെയും, സന്ന്യസ്തരെയും, ഇടവകയുടെ ഒന്നര പതിറ്റാണ്ട് കാലത്തെ എക്സിക്യൂട്ടീവ് അംഗങ്ങളെയും, ഇടവകയുടെ സ്ഥാപനത്തിന് നേതൃത്വം കൊടുത്തവരെയും, വിശ്വാസ പരിശീലനത്തിന് നേതൃത്വം നല്കിയവരെയും ഈ വർഷം ഗ്രാജുവേറ്റ് ചെയ്ത യുവതീ യുവാക്കളെയും ആദരിച്ചു. ആഘോഷ കമ്മറ്റി ചെയർമാൻ ബിനു കൈതക്കത്തൊട്ടിയിൽ, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ പരിപാടികൾ ഏകോപിപ്പിച്ചു. കൈക്കാരൻ സാബു കട്ടപ്പുറം നന്ദി അറിയിച്ചു. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു. ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബിനു കൈതക്കത്തൊട്ടി, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ, ടോണി പള്ളിയറതുണ്ടത്തിൽ, മിനി എടകര, ടെസ്സി ഞാറവേലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി, പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി. ആർ. ഓ. അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.



# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

# പ്രവാസി വ്യവസായി കെ.പി.വിജയനെ 'സേവനശ്രീ' പുരസ്കാരം നൽകി ആദരിച്ചു

**ജീമോൻ റാന്നി**




ഹൂസ്റ്റൺ : മെയ് 24 ശനിയാഴ്ച ഹൂസ്റ്റണിൽ നടന്ന ഇൻഡോ അമേരിക്കൻ ഫെസ്റ്റിൽ വച്ച് കേരളത്തിലെ പ്രമുഖ വ്യവസായിയും ജീവകാരുണ്യ മേഖലയിലെ സജീവ സാന്നിദ്ധ്യവുമായ കെ.പി വിജയനെ 'സേവനശ്രീ' പുരസ്കാരം നൽകി ആദരിച്ചു.

മുൻ പ്രതിപക്ഷ നേതാവും മുൻ ആഭ്യന്തര മന്ത്രിയുമായ രമേശ് ചെന്നിത്തല എംഎൽഎ യിൽ നിന്നാണ് അദ്ദേഹം പൊന്നാടയും മെമെന്റോയും ഏറ്റുവാങ്ങിയത് ഗ്ലോബൽ ഇന്ത്യൻ ന്യൂസിന്റെ ആഭിമുഖ്യത്തിൽ നടന്ന പുരസ്കാര ദാന ചടങ്ങിൽ ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ചെയർമാൻ ജെയിംസ് കൂടൽ, ഫോർട്ബെൻഡ് കൗണ്ടി ജഡ്ജ് കെ.പി.ജോർജ്, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫ്ഫോർഡ് സിറ്റി മേയർ കെൻ മാത്യു, ജഡ്ജ് ജൂലി മാത്യു, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡണ്ട് ഈപ്പൻ കുര്യൻ തിരുവല്ല തുടങ്ങി സാമൂഹ്യ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

കേരളത്തിൽ കെപിവി ചാരിറ്റബിൾ ട്രസ്റ്റിൽ കൂടി നൂറു കണക്കിന് കുടുംബങ്ങൾക്കു ആശ്രയമായി മാറിയ പ്രമുഖ ബിസിനസ് സംരംഭകനും ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി പാർട്ണറുമായ കെ.പി വിജയന് സേവനശ്രീ പുരസ്കാരം നൽകി ആദരിക്കും. കേരളത്തിലെ ഏറ്റവും വലിയ കൺവെൻഷൻ സെന്ററുകളിലൊന്ന്യ തിരുവല്ല വിജയ ഇന്റർനാഷനൽ കൺവെൻഷൻ സെന്റർ ഉടമകൂടിയാണ് വിജയൻ.

പ്രവാസി വ്യവസായിയായ കെ.പി വിജയൻ തിരക്കുകൾക്കിടയിലും കെ.പി.വി ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി പാർട്ട്നർ, വിജയ ഇന്റെർനാഷനൽ കൺവെൻഷൻ സെന്റർ ഡയറക്റ്റർ, കാർത്തിക റസിഡൻസി എറണാകുളം ഡയറക്റ്റർ, എറണാകുളം ശ്രീനാരായണ ഇൻസ്റ്റിറ്റ്യുട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ഡയറക്റ്റർ, എസ്.എൻ. ട്രസ്റ്റ് ബോർഡ് മെമ്പർ, തിരുവല്ല ശ്രീവല്ലഭ ക്ഷേത്ര ഉപദേശകസമിതി രക്ഷാധികാരി തുടങ്ങി വിവിധ രംഗങ്ങളിലും കർമ്മനിരതനാണ്.

തിരുവല്ലയിലെ കാർഷികഗ്രാമമായ വെൺപാലയിലെ കളത്തിപ്പറമ്പിൽ വീട്ടിൽ കെ.പി വിജയൻ, സ്വന്തം വരുമാനത്തിന്റെ നല്ലൊരുപങ്കും മറ്റുള്ളവരുടെ കണ്ണീരൊപ്പാനും തുണയേകാനുമാണ് ചെലവിടുന്നത്. വിദേശത്തെ ബിസിനസുകൾക്കൊപ്പം മൂന്ന് പതിറ്റാണ്ടിലേറെയായി നാട്ടിലെ ജീവകാരുണ്യ പ്രവർത്തനങ്ങളും തുടരുന്നു. നാടിന്റെ ഉന്നതിക്കും ഉത്ഥാനത്തിനുമായി കെ.പി. വിജയൻ ചാരിറ്റബിൾ ട്രസ്റ്റും രൂപീകരിച്ചു. നിർധനർക്ക് നിർലോഭം സഹായങ്ങൾ നൽകുന്ന ചാരിറ്റബിൾ ട്രസ്റ്റ് തിരുവല്ലയിലും സമീപസ്ഥലങ്ങളിലും കാരുണ്യം ചൊരിയുകയാണ്. സാമൂഹികമായി പിന്നാക്കം നിൽക്കുന്നതും രോഗദുരിതങ്ങൾ ബാധിച്ചതുമായ അഞ്ഞൂറോളം നിർധന കുടുംബാംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ നൽകുന്നതാണ് ട്രസ്റ്റിന്റെ പ്രധാന പദ്ധതി.

വർഷംതോറും ആയിരത്തിലധികം നിർധന കുട്ടികൾക്കാണ് ബാഗും കുടയും മറ്റു പഠനോപകരണങ്ങളും നൽകുന്നത്. വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിവാഹ- വൈദ്യ സഹായവും ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിലുണ്ട്. പഠിച്ച സ്കൂളുകൾ ഉൾപ്പെടെ സമീപപ്രദേശങ്ങളിലെ ഒട്ടേറെ സ്കൂളുകളുടെ ഉന്നതിക്കും ട്രസ്റ്റ് കരുതലാകുന്നു.

റെഡ്ക്രോസിന്റെ പാർട്ണറായ കെ.പി വിജയൻ, തിരുവല്ല റെഡ്ക്രോസ് സൊസൈറ്റിയുടെയും മധുര അരവിന്ദ് കണ്ണാശുപത്രിയുടെയും സഹകരണത്തോടെ നൂറുകണക്കിന് ആളുകൾക്ക് സൗജന്യ നേത്രചികിത്സാ സഹായവും ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ചെയ്തിട്ടുണ്ട്. കാഴ്ച നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന അമ്പതിനായിരത്തോളം പേർക്ക് കാഴ്ച ലഭിക്കാൻ ഈപ്രവർത്തനം സഹായിച്ചു.

സ്വന്തം ഉടമസ്ഥതയിലുള്ള ദുബായിലെ കമ്പനിയിലും എറണാകുളത്ത് ഹോട്ടൽ കാർത്തിക റസിഡൻസിയിലും വിജയ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലും ഉൾപ്പെടെ ഇരുന്നൂറോളം പേർക്ക് തൊഴിൽ നൽകിവരുന്നു. പ്രവാസ ജീവിതത്തിനിടെ ഒട്ടേറെ യുവാക്കൾക്ക് ഗൾഫ് മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോലിവാങ്ങി നൽകാനും വിജയന് സാധിച്ചു.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# രമേശ് ചെന്നിത്തല മുഖ്യാതിഥി; 12 മണിക്കൂർ ദൃശ്യ സംഗീത വിസ്മയമൊരുക്കി ഇൻഡോ അമേരിക്കൻ ഫെസ്റ്റ് ചരിത്ര സംഭവമായി




**ജീമോൻ റാന്നി**

ഹൂസ്റ്റൺ: മെയ് 24 ശനിയാഴ്ച രാവിലെ 11 മണി രാത്രി 11 വരെ നീണ്ട ദൃശ്യ സംഗീത വിസ്മയം തീർത്ത ഇൻഡോ അമേരിക്കൻ ഫെസ്റ്റ് വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് വേറിട്ടതും ശ്രദ്ധേയവുമായി മാറി.

ഒന്നിനൊന്നു മെച്ചപ്പെട്ട ചർച്ചകൾ, സംവാദങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, കാണികളിൽ വർണ വിസ്മയം തീർത്ത മെയ് ക്വീൻ സൗന്ദര്യ മത്സരം, പുരസ്കാര ദാന ചടങ്ങുകൾ, TISAC വടംവലി കിക്ക് ഓഫ്, WMC കിക്ക് ഓഫ്, ബ്രസീലിയൻ ഡാൻസ്, ഏറ്റവും ഒടുവിൽ 2000 ൽ പരം സംഗീതാസ്വാദകരെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിച്ച ന്യൂജെൻ ഗായകൻ 'ഷാൻ റഹ്മാൻ' ഷോ - രാത്രി 11 മണിക്ക് ഇൻഡോ ഫെസ്റ്റിന് തിരശീല വീണപ്പോൾ ഹൂസ്റ്റണിലെ പ്രവാസി പരിപാടികളുടെ ചരിത്രത്തിൽ വേറിട്ട അനുഭവം നൽകി ചരിത്രത്തിൽ ഇടം പിടിച്ചു.




ഗ്ലോബൽ ഇന്ത്യൻ ന്യൂസിന്റെ ആഭിമുഖ്യത്തിൽ ഹൂസ്റ്റണിലെ ഏറ്റവും വലിയ ഇവന്റ് സെന്ററുകളിലൊന്നായ GSH Event Center ൽ രാവിലെ മുതൽ തന്നെ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ കടന്നു വന്നു കൊണ്ടിരുന്നു.

ഗ്ലോബൽ ഇന്ത്യൻ ന്യൂസ് പ്രഖ്യാപിച്ച കർമ്മശ്രേഷ്ഠ അവാർഡ് ഏറ്റു വാങ്ങാനെത്തിയ രമേശ് ചെന്നിത്തല എംഎൽഎ യുടെ സാന്നിധ്യം പൂർണ സമയം ഉണ്ടായിരുന്നുവെന്നതാണ് ഫെസ്റ്റിനെ മികവുറ്റതാക്കി മാറ്റി.

മുഖ്യ സംഘാടകൻ ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ചെയർമാൻ ജെയിംസ് കൂടൽ ചെന്നിത്തലയെ സമ്മേളന നഗറിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് രാവിലെ 11 മണിക്ക് 40 ൽ പരം ബിസിനസ് സ്റ്റാൾ ആൻഡ് എക്സിബിഷൻ ചെന്നിത്തല ഉത്ഘാടനം ചെയ്തു.

12 മണിയ്ക്ക് ജെയിംസ് കൂടൽ സ്വാഗതം ആശംസിച്ചു. പ്രവാസി സമ്മിറ്റ്



ആരംഭിച്ചു. പ്രവാസികൾ നേരിടുന്ന വിവിധ പ്രതിസന്ധികളെ കുറിച്ച് പ്രമുഖ വ്യക്തിത്വത്തങ്ങൾ സംസാരിച്ചു. തോമസ് മൊട്ടക്കൽ ( WMC President), സജിമോൻ ആന്റണി (Fokana President) ബേബി മണക്കുന്നേൽ (FOMAA President) ഡോ.ബാബു സ്റ്റീഫൻ, സ്റ്റാൻലി ജോർജ്, ഈപ്പൻ കുര്യൻ തിരുവല്ല, കെ.പി വിജയൻ തിരുവല്ല തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് ബിസിനസ് സമ്മിറ്റ് നടന്നു. അലക്സ് ബാരാക്, സുകേഷ് ഗോവിന്ദൻ, ജോൺ വർഗീസ്, ആശ ജിൻസി, ജോൺ ബാബു, സോണി ജോസഫ്, ജോർജ് ജോസഫ് തുടങ്ങിയവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി

തുടർന്ന് 'MEET THE LEADER, ASK A QUESTION" പരിപാടിയിൽ സദസിൽ നിന്നുയർന്ന എല്ലാ ചോദ്യങ്ങൾക്കും രമേശ് ചെന്നിത്തല മറുപടി പറഞ്ഞു.

ഉച്ചഭക്ഷണത്തിനു ശേഷം നഴ്സസ് അസോസിയഷൻ, WMC എന്നീ സംഘടനകളുടെ പ്രത്യേക സമ്മേളനങ്ങൾ നടന്നു. 4 മണിക്ക് ലക്ഷ്മി പീറ്ററിന്റെ നേതൃത്വത്തിൽ നടന്ന "MAY QUEEN" സൗന്ദര്യ മത്സരം ദൃശ്യവിസ്മയം നൽകി.

തുടർന്ന് പുരസ്കാര ദാന സമ്മേളനത്തിൽ പ്രമുഖ വ്യക്തികളെ അവാർഡ് നൽകി ആദരിച്ചു. രമേശ് ചെന്നിത്തലയ്ക്കു കർമ്മ ശ്രേഷ്ഠ പുരസ്കാരം, ഡോ. ബാബു സ്റ്റീഫന് കർമ്മശ്രീ അവാർഡും കെ.പി. വിജയന് സേവന ശ്രീ അവാർഡും നൽകി. മറ്റു നിരവധി വ്യക്തിത്വങ്ങളേയും സംഘടനകളെയും പുരസ്കാരങ്ങൾ നൽകി ആദരിച്ചു. ഡബ്ലിയുഎംസി, ഫൊക്കാന, ഫോമാ, ഇന്ത്യൻ നഴ്സസ് അസ്സോസിയേഷൻ എന്നെ സംഘടനകളോടൊപ്പം ഹെൽത്ത് കെയർ അവാർഡുകൾ, കമ്മ്യൂണിറ്റി അവാർഡുകൾ, മീഡിയ അവാർഡുകൾ നിരവധി വ്യക്തിത്വങ്ങളെയും ആദരിച്ചു.

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ ജഡ്ജ്. കെ.പി.ജോർജ്, മേയർ റോബിൻ ഇലക്കാട്ടു, മേയർ കെൻ മാത്യു, ജഡ്ജ് ജൂലി മാത്യു, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, മാഗ് പ്രസിഡണ്ട് ജോസ്. കെ. ജോൺ തുടങ്ങിയവർ ആദിയോടന്തം ചടങ്ങുകളിൽ പങ്കെടുത്തു.







ജീമോൻ റാന്നി, ലക്ഷ്മി പീറ്റർ എന്നിവർ നേതൃത്വം നൽകിയ എംസി പാനലിൽ ഡോ. റെയ്ന റോക്ക്. ആൻസി ശാമുവേൽ, മെർലിൻ സാജൻ എന്നിവരും പരിപാടികൾ നിയന്ത്രിച്ചു.

ഹ്യൂസ്റ്റനിൽ ജനഹൃദങ്ങളിൽ ഇടം പിടിച്ച ഇങ്ങനെയൊരു മുഴു ദിന പരിപാടി ആദ്യ അനുഭവമായിരുന്നുവെന്ന് പങ്കെടുത്തവർ പറഞ്ഞു.

ജെയിംസ് കൂടൽ, ജിജു കുളങ്ങര, ജീമോൻ റാന്നി, തോമസ് സ്റ്റീഫൻ, ബിനോയ് ജോൺ, ഷിബി റോയ്, സഖറിയാ കോശി, ജിൻസ് മാത്യു, ബിജു ഇട്ടൻ, ഫാൻസിമോൾ പള്ളത്തുമഠം, ലക്ഷ്മി പീറ്റർ, ഡോ. റെയ്ന റോക്ക്, ഷീല ചെറു. ഫിലിപ്പ് പതാലിൽ, ജോജി ജോസഫ്, വാവച്ചൻ മത്തായി, ബിജു ചാലക്കൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ സംഘാടക സമിതി ഫെസ്റ്റിന്റെ വൻ വിജയത്തിനായി പ്രവർത്തിച്ചു. .

ജോയൽ - ശ്യാം - വിഷ്ണു ടീം, വീഡിയോ ഫോട്ടോഗ്രാഫിയ്ക്ക് നേതൃത്വം നൽകി. ജോർജ് തെക്കേമല (ഏഷ്യാനെറ്റ്) മോട്ടി മാത്യു ( കൈരളി) ഫിന്നി രാജു ( ഹാർവെസ്റ്റ് ടിവി), മല്ലു കഫേ റേഡിയോ, ആശ റേഡിയോ, ദക്ഷിൺ റേഡിയോ, തുടങ്ങിയവർ വീഡിയോ ആൻഡ് ഫോട്ടോഗ്രാഫിയ്ക്ക് നേതൃത്വം നൽകി.

# അസർബൈജാനിൽ നടക്കുന്ന ബാക്കു കൺവൻഷനുമായി വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ സംഘടനയക്ക് ബന്ധമില്ല- തോമസ് മൊട്ടയ്ക്കൽ



**ഇത്തരമൊരു കൺവൻഷൻ നടത്തുന്നതുതന്നെ ദേശവിരുദ്ധ പ്രവർത്തനത്തിന് തുല്യമാണ്. ഏതൊരു സംഘടനയും ഇത്തരത്തിൽ ദേശവിരുദ്ധ ശക്തികൾക്കൊപ്പം ചേർന്നു പരിപാടികൾ സംഘടിപ്പിക്കുന്നത് പ്രതിഷേധാത്മകമാണ്. വേൾഡ് മലയാളി കൗൺസിൽ സംഘടിപ്പിക്കുന്ന പരിപാടിയാണെന്ന് തെറ്റിദ്ധരിച്ച് നിരവധി ആളുകളാണ് ഭാരവാഹികളുമായി ബന്ധപ്പെടുന്നത്. വേൾഡ് മലയാളി കൗൺസിലിന്റെ പേര് ഉപയോഗിച്ച് ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നും നിയവിരുദ്ധമായി ഫണ്ട് ശേഖരിക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ ചാരറ്റിബിൾ സൊസൈറ്റിയുടെ ഭാഗത്തു നിന്നും നടന്നു വരുന്നത്. ഇതിനെതിരെ നിയമനടപടി സ്വീകരിക്കും.**

ന്യൂ ജേഴ്സി : വേൾഡ് മലയാളി കൗൺസിൽ ചാരിറ്റബിൾ സൊസൈറ്റി അസർബൈജാനിലെ ബാക്കുവിൽ സംഘടിപ്പിക്കുന്ന കൺവൻഷനുമായി വേൾഡ് മലയാളി കൗൺസിൽ ആഗോള സംഘടനയക്ക് യാതൊരുവിധ ബന്ധവുമില്ലെന്നും ഇതിൽ വഞ്ചിതരാകരുതെന്നും വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടയ്ക്കൽ അറിയിച്ചു. വേൾഡ് മലയാളി കൗൺസിൽ സംഘടിപ്പിക്കുന്ന പരിപാടിയാണിതെന്നതരത്തിൽ വ്യാപക പ്രചരണമാണ് നടന്നു വരുന്നത്. ഇത്തരത്തിൽ വ്യാജ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കും. കവടിയാറിൽ ഒരു വ്യക്തിയുടെ മേൽവിലാസം മാത്രം ഉപയോഗിച്ച് രജിസ്ട്രർ ചെയ്തിട്ടുള്ള സംഘടനയാണ് വേൾഡ് മലയാളി കൗൺസിൽ ചാരിറ്റബിൾ സൊസൈറ്റി. ഇത്തരമൊരു സംഘടനയുടെ പ്രവർത്തനങ്ങൾ തന്നെ വ്യക്തതയില്ലാത്തതാണ്. വേൾഡ് മലയാളി കൗൺസിലിൽ നിന്നും വിട്ടുപോയ രണ്ട് മുൻ നേതാക്കളാണ് ഇത്തരമൊരു വ്യാജ സംഘടനയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നത്. നിയമപരമായോ ഭരണപരമായോ ആഗോളസംഘടനയക്ക് ഇതുമായി യാതൊരു ബന്ധവുമില്ല.

ഇന്ത്യ വിരുദ്ധ നിലപാടുകൾ സ്വീകരിച്ച അസർബൈജാനിൽ ഇത്തരമൊരു കൺവൻഷൻ നടത്തുന്നതുതന്നെ ദേശവിരുദ്ധ പ്രവർത്തനത്തിന് തുല്യമാണ്. ഏതൊരു സംഘടനയും ഇത്തരത്തിൽ ദേശവിരുദ്ധ ശക്തികൾക്കൊപ്പം ചേർന്നു പരിപാടികൾ സംഘടിപ്പിക്കുന്നത് പ്രതിഷേധാത്മകമാണ്. വേൾഡ് മലയാളി കൗൺസിൽ സംഘടിപ്പിക്കുന്ന പരിപാടിയാണെന്ന് തെറ്റിദ്ധരിച്ച് നിരവധി ആളുകളാണ് ഭാരവാഹികളുമായി ബന്ധപ്പെടുന്നത്. വേൾഡ് മലയാളി കൗൺസിലിന്റെ പേര് ഉപയോഗിച്ച് ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നും നിയവിരുദ്ധമായി ഫണ്ട് ശേഖരിക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ ചാരറ്റിബിൾ സൊസൈറ്റിയുടെ ഭാഗത്തു നിന്നും നടന്നു വരുന്നത്. ഇതിനെതിരെ നിയമനടപടി സ്വീകരിക്കും.




വലിയ പാരമ്പര്യമുള്ള സംഘടനയാണ് വേൾഡ് മലയാളി കൗൺസിൽ.

1995ൽ അമേരിക്കയിലെ ന്യൂ ജേഴ്സിയിൽ ടി. എൻ. ശേഷൻ, കെ. പി. പി. നമ്പ്യാർ, ഡോ. ബാബു പോൾ, ഡോ.ടി. ജി. എസ്.സുദർശൻ തുടങ്ങിയ പ്രഗത്ഭമതികൾ ആരംഭിച്ച പ്രവാസി മലയാളികളുടെ ഈ ആഗോള പ്രസ്ഥാനം ഇന്ന് അമ്പതിലേറെ രാജ്യങ്ങളിൽ ശാഖകൾ ഉള്ള ഏറ്റവും വലിയ ആഗോള മലയാളി പ്രസ്ഥാനമാണ്.

വേൾഡ് മലയാളി കൺസിൽ ഗ്ലോബൽ സംഘടനയുടെ ആഗോള ദ്വിവത്സര സമ്മേളനം ജൂലൈ 25 മുതൽ 27 വരെ തായ്‌ലൻഡിലെ ബാങ്കോക്കിൽ നടത്തുമെന്നും മുഖ്യാതിഥിയായി സാമൂഹ്യ സംസ്ക്കാരിക പ്രമുഖർ പങ്കെടുക്കുമെന്നും തോമസ് മൊട്ടയ്ക്കൽ അറിയിച്ചു.



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

# It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# ചാരിറ്റി ക്ലാസിക് 2025 വൻ വിജയം



ന്യൂയോർക്ക് : വൈസ്‌മെൻ ഇൻ്റർനാഷണൽ ക്ലബ്ബിൻ്റെ നോർത്ത് അറ്റ്ലാൻ്റിക് റീജിയൻ നടത്തിയ ചാരിറ്റി ക്ലാസിക് 2025 എന്ന ബാസ്കറ്റ്ബാൾ ടൂർണമെൻ്റ് ആളും അർത്ഥവുംകൊണ്ട് വ്യത്യസ്തമായി. ന്യൂയോർക്കിലെ 12 ടീമുകൾ കളംനിറഞ്ഞാടിയ ബാസ്കറ്റ്ബാൾ മാമാങ്കം മെയ് 24 ശനിയാഴ്ച രാവിലെ 8 മുതൽ വൈകിട്ട് 7 മണിവരെ ലോങ്ങ് ഐലൻഡിലെ മാസ്സപെക്വയിലുള്ള ഫീൽഡ് ഹാവ്സ് സ്പോർട്സ് കോംപ്ലക്സിൽ തിമർത്താടി.

നോർത്ത് അറ്റ്ലാൻ്റിക് റീജിയനിൽ ഇദംപ്രദമായി ആരംഭിച്ച വൈസ്‌മെൻ ഇൻ്റർനാഷ്ണൽ ഇവർ റോളിങ്ങ് ട്രോഫി, 1891 ഇൽ ഈ റീജിയനിലുള്ള സ്പ്രിങ് ഫീൽഡ് ഥങ്ങഇഅ ക്കുവേണ്ടി ജെയിംസ് നയിസ്മിത്ത് കണ്ടുപിടിച്ച ഗെയിം ആണ് ഇപ്പോൾ പ്രശസ്തമായ ബാസ്കറ്റ്ബാൾ ഗെയിം. ഇത് ഇവിടെ പുനവിഷ്കരിക്കാനായത് ചരിത്രപരമായ നേട്ടമാണെന്ന് വൈസ്‌മെൻ ഇൻ്റർനാഷണൽ റീജിണൽ ഡയറക്ടർ വർഗീസ് കോരസൺ പറഞ്ഞു. ടോർണ്ണമെൻ്റിന് റീജിണൽ യൂത്ത് ഡയറക്ടറായ അലൻ അജിത്ത്, വിമൽ ഡേവിഡ് , മാത്യു ജോഷുവ, സിബി ഡേവിഡ് എന്നിവർ നേതൃത്വം നൽകി.

ജോനാഥൻ കോരസൺ നേതൃത്വം നൽകിയ ടീം സൂപ്പർ സോണിക് വൈസ്‌മെൻ ഇൻ്റർനാഷണൽ എവർ റോളിങ്ങ് ട്രോഫി കരസ്ഥമാക്കി. കുസുമം ടൈറ്റസ് സംഭാവന നൽകിയ ട്രോഫി, രാജൻ ഏബ്രഹാമും ആൻ ഏബ്രഹാമും ചേർന്ന് കൈമാറി. ടീമ് സ്റ്റാറ്റൻ ഐലൻഡ് റണ്ണേഴ്സ് കപ്പ് കരസ്ഥമാക്കി. റെഗുലർ സീസൺ ങഢജ ആയി ജസ്റ്റിൻ പോൾ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഫൈനൽസിൽ നീൽ കോശി ങഢജ ആയി. ത്രീ പോയിൻ്റ് ഷൂട്ട് മത്സരത്തിൽ മാത്യു എബ്രഹാം വിജയിച്ചു. വൈസ്‌മെൻ ഇൻ്റർനാഷണൽ നേതാക്കളും നിരവധി പ്രവർത്തകരും ബാസ്കറ്റ്ബാൾ പ്രേമികളും നിറഞ്ഞുനിന്ന കളിക്കളത്തിൽ അവസാനം വരെ ആവേശം അലയടിച്ചു.




CHARITY CLASSIC 2025


Y's Men
North Atlantic Region
Charity Classic
2025


CHARITY CLASSIC 2025


Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# യോർക്ക്ടൗൺ ഹൈറ്റ്സ് സെന്റ് ഗ്രിഗോറിയോസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കാമ്പയിൻ ആരംഭിച്ചു




**ഉമ്മൻ കാപ്പിൽ**

യോർക്ക്ടൗൺ ഹൈറ്റ്സ് (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്ൾസ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് കാമ്പയിൻ യോർക്ക്ടൗൺ ഹൈറ്റ്സ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ മെയ് 18 ഞായറാഴ്ച ആരംഭിച്ചു, ഈ വർഷത്തെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഫാമിലി കോൺഫറൻസിന്റെ ആവേശകരമായ കിക്കോഫും രജിസ്ട്രേഷനും നടത്തി.

സൗത്ത്വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ ഇവാനിയോസ്, ഇടവക വികാരി ഫാ. നൈനാൻ ടി. ഈശോ എന്നിവരുടെ നേതൃത്വത്തിൽ നടന്ന കുർബാനയ്ക്ക് ശേഷം ഫാമിലി കോൺഫറൻസിനായി ഒരു മീറ്റിംഗ് ഉണ്ടായിരുന്നു.

മുൻ ഭദ്രാസന കൗൺസിൽ അംഗം സാജൻ മാത്യു കോൺഫറൻസ് ടീമിനെ സ്വാഗതം ചെയ്തു. ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി), ഫിലിപ്പ് തങ്കച്ചൻ (ഫിനാൻസ് മാനേജർ), മാത്യു ജോഷ്വ (മുൻ ട്രഷറർ), സജി പോത്തൻ (മുൻ ഭദ്രാസന കൗൺസിൽ അംഗം), പ്രേംസി ജോൺ & മറിയാമ്മ എബ്രഹാം (ഫിനാൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു.

ഇവരോടൊപ്പം വേദിയിൽ സക്കറിയ ജോർജ് (ഇടവക സെക്രട്ടറി), ബാബു ജോർജ് (ഇടവക ട്രസ്റ്റി), സാജൻ മാത്യു, വർഗീസ് മാമ്പള്ളിൽ (മലങ്കര അസോസിയേഷൻ അംഗങ്ങൾ), ജോർജ്ജുകുട്ടി മാത്യു & കുര്യൻ പള്ളിയാങ്കൽ (ഭദ്രാസന അസംബ്ലി അംഗങ്ങൾ), റോയ് എണ്ണച്ചേരിൽ (മുൻ സഭാ മാനേജിംഗ് കമ്മിറ്റി അംഗം) എന്നിവരും ചേർന്നു.

ഫാമിലി & യൂത്ത് കോൺഫറൻസിനെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ ജെയ്സൺ തോമസ് അവതരിപ്പിച്ചു. തീയതി, വേദി, പ്രഭാഷകരുടെ ആവേശകരമായ നിര എന്നിവ ഇതിൽ ഉൾപ്പെടുന്നു. സജി പോത്തൻ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ചർച്ച ചെയ്യുകയും മുൻ കോൺഫറൻസുകളിൽ പങ്കെടുത്ത തന്റെ വ്യക്തിപരമായ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തുകൊണ്ട്, എല്ലാ ഇടവകാംഗങ്ങളെയും പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു.

കോൺഫറൻസിൻറെ ദൗത്യത്തെ പിന്തുണയ്ക്കാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും ബിസിനസുകൾക്കുമുള്ള സ്പോൺസർഷിപ്പ് അവസരങ്ങൾ മാത്യു ജോഷ്വ വിശദീകരിച്ചു. ഫിലിപ്പ് തങ്കച്ചൻ ആശംസകളും സന്ദേശങ്ങളും സുവനീറിൽ പ്രസിദ്ധീകരിക്കാൻ പ്രോത്സാഹിപ്പിച്ചു. സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ഒരു സായാഹ്നം വാഗ്ദാനം ചെയ്തുകൊണ്ട്, കോൺഫറൻ





സിൻറെ രണ്ടാം ദിവസത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള എന്റർടൈൻമെന്റ് നെറ്റിന്റെ വിശദ വിവരങ്ങൾ പ്രേംസി ജോൺ നൽകി.

മുൻകാല കോൺഫറൻസുകളിൽ നിന്ന് നേടിയ ഉന്മേഷദായകമായ ആത്മീയ അനുഭവത്തെക്കുറിച്ചുള്ള തന്റെ വ്യക്തിപരമായ സാക്ഷ്യം മറിയാമ്മ എബ്രഹാം പങ്കുവെച്ചു. ഇത് മറ്റുള്ളവരെ പങ്കെടുക്കാൻ പ്രേരിപ്പിച്ചു.

''കുറച്ച് ദിവസം ദൈവത്തോടൊപ്പമായിരിക്കാനുള്ള അവസരമായി' ഇതിനെ വിശേഷിപ്പിച്ചുകൊണ്ട്, കോൺഫറൻസിന്റെ പ്രാധാന്യം മാർ ഇവാനിയോസ് ഊന്നിപ്പറഞ്ഞു. ലൗകിക വ്യതിചലനങ്ങളിൽ നിന്ന് മാറിനിൽക്കുന്നതിലൂടെ ലഭിക്കുന്ന സമാധാനത്തെക്കുറിച്ച് സംസാരിച്ച മെത്രാപ്പോലീത്ത സംഘാടക സംഘത്തിന്റെ സമർപ്പണത്തെ പ്രശംസിച്ചു.

കോൺഫറൻസ് അനുഭവം വ്യക്തികളിലും കുടുംബങ്ങളിലും ചെലുത്തുന്ന ശാശ്വത സ്വാധീനം എടുത്തുകാണിച്ചുകൊണ്ട്, യുവാക്കളെയും മുതിർന്നവരെയും പങ്കെടുക്കാൻ ഫാ. നൈനാൻ ടി. ഈശോ പ്രേരിപ്പിച്ചു.

നിരവധി പേർ സുവനീറിൽ ആശംസകൾ സമർപ്പിച്ചുകൊണ്ട് തങ്ങളുടെ പിന്തുണ അറിയിച്ചു.

കോൺഫറൻസിന് പ്രാർഥനാപൂർവ്വമായ പിന്തുണ നൽകിയ വികാരിക്കും ഇടവകാംഗങ്ങൾക്കും കോൺഫറൻസ് ഭാരവാഹികൾ നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റി മത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ - നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.



രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.



# ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റിനു ആവേശകരമായ സമാപനം: സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് ജേതാക്കൾ



**ജീമോൻ റാന്നി**

ഹൂസ്റ്റൺ: 12 വർഷമായി നടത്തി വരുന്ന ഇന്ത്യൻ എക്യൂമെനിക്കൽ ക്രിസ്ത്യൻ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ) (കഇഋഇഒ) ക്രിക്കറ്റ് ടൂർണമെന്റിനു ആവേശകരമായ സമാപനം. ഹൂസ്റ്റനിലെ വിവിധ ഇടവകകളിലെ ടീമുകളെ പങ്കെടുപ്പിച്ചു കൊണ്ട് ഏപ്രിൽ 6 നു ആരംഭിച്ച ടൂർണമെന്റ് മെയ് 17 ന് സമാപിച്ചു.

സെമിയിൽ സെൻറ് ജോസഫ് സീറോ മലബാർ ചർച്ചിനെ പരാജയപെടുത്തി സെന്റ് മേരീസ് പെയർലാൻഡും, സെന്റ് .മേരീസ് മലങ്കര ചർച്ചിനെ പരാജയപ്പെടുത്തി സെന്റ് . ജെയിംസ് ക്നാനായ ചർച്ചും ഫൈനലിൽ പ്രവേശിച്ചു.

മെയ് 17 ന് സ്റ്റാഫോർഡ് സിറ്റി പാർക്കിൽ നടന്ന ഫൈനലിൽ സെന്റ് . ജെയിംസ് ക്നാനായ ചർച്ച് ബാറ്റിംഗ് തെരഞ്ഞെടുത്തു. ഇരുപതു ഓവർ മൽസരത്തിൽ 10 ഓവറിൽ 47 റൺസിനു 7 വിക്കറ്റ് നഷ്ടപെട്ട സെൻറ് ജെയിംസിന്റെ പ്രതിരോധത്തിൽ 20 ഓവറിൽ 87 റൺസിനു പുറത്താക്കാൻ സെന്റ് .മേരീസ് പിയർലാൻഡിന് കഴിഞ്ഞു.

തുടർന്ന് ബാറ്റിങ്നു ഇറങ്ങിയ സെന്റ് . മേരിസ് പിയർ ലാൻഡിന് തുടക്കത്തിൽ 3 വിക്കറ്റ് നഷ്ടമായി. പിന്നീട് പ്രതിരോധത്തിലൂടെ സെന്റ് . മേരീസ് പിയർലാൻഡ് അധികം വിക്കറ്റ് നഷ്ടമാകാതെ ലക്ഷ്യം കണ്ടു. ടൂർണമെന്റിൽ ഉടനീളം മികച്ച ഫോം നിലനിർത്തിയ സെന്റ് . മേരീസ് പെയർലാൻഡ് ഫൈനലിലും അവരുടെ മികവ് പുലർത്തി.

ഫൈനൽ മത്സരം കാണാൻ ഗ്രൗണ്ടിൽ നൂറു കണക്കിനു ക്രിക്കറ്റ് പ്രേമികൾ പങ്കെടുത്തു. മൽസരത്തിലുടനീളം ടീമുകൾക്കു വേണ്ടി ചെണ്ട മേളം നടത്തിയത് മൽസരത്തിനു കൂടുതൽ ആസ്വാദനമായി. വിജയികൾക്കു സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, കെ .കെ മാത്യു മെമ്മോറിയൽ ട്രോഫിയും, റണ്ണേഴ്സ് അപ്പിനു ബിജു ചാലക്കൽ ട്രോഫിയും, ശ്രീ ജോർജ് ജോസഫ് നൽകിയ ട്രോഫികൾ മികച്ച കളിക്കാർക്കും വിതരണം ചെയ്തു. ഈ വർഷത്തെ ടൂർണമെന്റ് മാസ്സ് മ്യൂചെൽ ഗ്രേറ്റർ ഹുസ്റ്റൻ, അബാക്കസ് ട്രാവെൽസ് ,ആൻസ് ഗ്രോസർസ് ,റിയാലിറ്റി അസോസിയേറ്റ്സ് ഷുഗർലാൻഡ് എന്നിവർ സ്പോൺസർ ചെയ്തു.

മാൻ ഓഫ് ദി മാച് ആയി ജോബി ജോസഫ്, ബെസ്റ്റ് ബൗളർ ഓഫ് ദി ടൂർണമെന്റും മാൻ ഓഫ് ദി സീരീസുമായി അബിൻ പുന്നൂസും ,ബെസ്റ്റ് ബാറ്റ്സ് മാൻ ഓഫ് ടൂർണമെന്റ് കെവിൻ ജോൺ, ബെസ്റ്റ് ഫീൽഡർ സെർണി തോമസ്



,എന്നിവരെ സെലക്ട് ചെയ്തു .

ഐസിഇസിഎച്ച് പ്രസിഡന്റ് റവ.ഫാ. ഡോ. ഐസക് .ബി. പ്രകാശ്,ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് സുരേന്ദ്രൻ പട്ടേൽ , റവ. ഫാ.ജെക്കു സക്കറിയ, റവ.ജീവൻ ജോൺ (സ്പോർട്സ് കൺവീനർ) ബിജു ചാലക്കൽ (ക്രിക്കറ്റ് കോ ഓർഡിനേറ്റർ), അനിൽ വറുഗീസ്. ജസ്റ്റിൻ തോമസ് ,റെജി കോട്ടയം, വിനോദ് നായർ , നൈനാൻ വീട്ടിനാൽ, ജിനോ ജേക്കബ്, എബി തോമസ് , ഐസിഇസിഎച്ച് സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ , പിആർഓ. ജോൺസൻ ഉമ്മൻ , ഫാൻസിമോൾ പള്ളത്തുമഠം എന്നിവരും മറ്റു കമ്മിറ്റി അംഗങ്ങളും ടൂർണമെന്റിന് നേതൃത്വം നൽകി.








# നേർത്ത് അമേരിക്കൻ മലയാളികൾക്ക് സ്നേഹ സമ്മാനായി ഫോക്കനയുടെ മെഡിക്കൽ കാർഡ് വിപുലീകരിച്ചു




**ശ്രീകുമാർ ഉണ്ണിത്താൻ**

**ഫൊക്കാന ജനറൽ സെക്രട്ടറി**

കേരളത്തിലെ പ്രധാനപ്പെട്ട സിറ്റികളിലെ ആറു സുപ്രധാന ഹോസ്പിറ്റലുകളെ ഉൾക്കോള്ളിച്ചുകൊണ്ടാണ് ഫൊക്കാന മെഡിക്കൽ കാർഡ് നിലവിൽ വന്നത്. കൊച്ചിൻ രാജഗിരി ഹോസ്പിറ്റൽ, പാല മെഡ്‌സിറ്റി , തിരുവല്ല ബിലീവേഴ്‌സ് ഹോസ്പിറ്റൽ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കോഴിക്കോട്, കിംസ് ഹോസ്പിറ്റൽ തിരുവനന്തപുരം, കാരിത്താസ് കോട്ടയം എന്നിവയുമായാണ് ഫൊക്കാന ഹെൽത്ത് കാർഡ് അഫിലിയേറ്റ് ചെയ്തിരിക്കുന്നത്.

ഫൊക്കാനയിലെ അംഗസംഘടനയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നാട്ടിലെ ബന്ധു മിത്രാദികൾക്കും പ്രയോജനകരമായ ഒട്ടേറെ ഇളവുകളുമായാണ് ഹെൽത്ത് കാർഡു നിലവിൽ വന്നുരിക്കുന്നത്. ഹെൽത്ത് കാർഡ് ഹോൾഡേഴ്‌സിന് സ്പെഷ്യൽ ഡിസ്‌കൗണ്ട്കളും സ്പെഷ്യൽ പ്രിവിലേജുകളും ഈ ഹോസ്പിറ്റലുകളിൽ ലഭിക്കും.

അമേരിക്കൻ കനേഡിയൻ മലയാളികൾക്ക് ഫൊക്കാനയുടെ സ്നേഹസമ്മനായി മെഡിക്കൽ കാർഡ് ഫ്രീ ആണ്, ഹെൽത്ത് കാർഡിന് ആവശ്യമുള്ളവർ ഈ ലിങ്കിൽ നിങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

https://medical.fokanaonline.org

അന്തരാഷ്ട്ര നിലവാരമുള്ള ആശുപത്രികളെ മാത്രമേ ഈ സ്‌കീമിന്റെ ഭാഗമായി ഫൊക്കാന ഉൾപ്പെടുത്തുകയുള്ളു. വിദേശങ്ങളിൽ ലഭിക്കുന്ന അതെ ചികിത്സ കേരളത്തിലും ലഭിക്കുന്ന ഹോസ്പിറ്റലുകളെ ആണ് ഫൊക്കാന ഹെൽത്ത് കാർഡ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അമേരിക്കയിലെ ഇൻഷുറൻസ് പരിരക്ഷയുടെ പരിധിയിൽ വരാത്ത ഡെന്റൽ, കോസ്മറ്റിക്ക് ചികിത്സകളും അമേരിക്കൻ മലയാളികൾക്ക് പ്രത്യേക പരിഗണന നൽകി സേവനം നൽകാൻ ഫൊക്കാന ഹെൽത്ത് കാർഡ് ഉപയോഗപ്പെടുന്നതിനോടൊപ്പം, നാട്ടിലെ പ്രായമായ മാതാപിതാക്കളും ബന്ധു ജനങ്ങളും മെഡിക്കൽ കാർഡ് വഴി പ്രേത്യക ചികിത്സ ഏർപ്പാട് ചെയ്യാനും ഓൺലൈൻ വഴി അപ്പോയ്ന്റ്മെന്റ് എടുക്കുവാനും ഡോക്ടറെ കാണുവാനും ഉള്ള സംവിധാനവും ഹെൽത്ത് കാർഡ് വഴി ലഭിക്കുന്നുണ്ട്.

ഹെൽത്ത് ചെക്ക് അപ്പും ഈ പാക്കേജിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

2020 മുതൽ 2022 വരെ ജോർജി വർഗീസ് പ്രസിഡന്റും സജിമോൻ ആന്റണി സെക്രട്ടറിയും ആയിരുന്ന സമയത്തു ഫൊക്കാന ഹെൽത്ത് കാർഡ് രണ്ടായിരത്തിൽ അധികം ആളുകൾ ഉപയോഗിക്കുകയുണ്ടായി. അന്ന് രാജഗിരി ഹോസ്പിറ്റലുമായി മാത്രമായിരുന്നു അഫ്‌ലിയേഷൻ. പക്ഷേ ഇന്ന് ആറു ആശുപത്രികളെ ഉൾപ്പെടുത്തി ഈ പ്രോഗ്രാം വിപിലീകരിച്ചു. എല്ലാ മേജർ സിറ്റിസിലെ മുഖ്യ ഹോസ്പിറ്റലുകൾ ഇതിന്റെ ഭാഗമാകുമ്പോൾ വളരെ അധികം മലയാളികൾക്ക് ആളുകൾക്ക് പ്രയോജനം ഉണ്ടാകും.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ നടന്ന അശ്രാന്ത പരിശ്രമത്തിന്റെ ഫലമായാണ് ഈ കാർഡ് പ്രാവർത്തികമാക്കാൻ കഴിഞ്ഞത്

**രാജഗിരി ഹോസ്പിറ്റൽ:**

രാജ്യാന്തര നിലവാരവും അതിനൂതന സാങ്കേതിക സൗകര്യങ്ങളും ഉറപ്പാക്കിയുള്ള ഒരു ഹോസ്പിറ്റൽ ആണ് രാജഗിരി.

ചികിത്സാ സംവിധാനങ്ങൾ, പ്രഗല്ഭരായ ഡോക്ടർമാരുടെയും മെഡിക്കൽ ടീമിൻറെയും സാങ്കേതികവിദഗ്ധരുടെയും പ്രഫഷണലുകളുടെയും കാര്യക്ഷമത, സമഗ്രമായ ആരോഗ്യസേവനം എന്നിവ രാജഗിരിയെ ദക്ഷിണേന്ത്യയിലെ മറ്റ് ആശുപത്രികളിൽ നിന്നും വ്യത്യസ്തമാക്കുന്നു. എല്ലാ വിഭാഗങ്ങളിലും മികച്ച ചികിത്സ ഉറപ്പാക്കുന്നതാണു രാജഗിരിയുടെ തനിമ. ആരോഗ്യമേഖലയിലെ മികവിൻറെ കേന്ദ്രമായി കേരളം ഇന്ന് അഭിമാനത്തോടെ ഉയർത്തിക്കാട്ടുന്ന ആശുപത്രിയാണ് രാജഗിരി. മികച്ച സേവനവും ഗുണനിലവാരവും പ്രഫഷണലിസവും ഉറപ്പാക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നയമാണ് രാജഗിരി ആശുപത്രിക്കുള്ളത്. കാലാനുഗതമായുള്ള മികവിലേക്കുയരാനുള്ള നിരന്തരമായ പരിശ്രമവും ഇവിടെയുണ്ട്. മികച്ച സേവനത്തിനു ദേശീയ, അന്തർദേശീയ രംഗങ്ങളിലെ നിരവധി അംഗീകാരങ്ങളും ആദരവും രാജഗിരി ആശുപത്രിയെ തേടിയെത്തിയിട്ടുണ്ട്.

### പാലാ മാർ സ്ലീവാ മെഡിസിറ്റി:

ആരോഗ്യസേവന രംഗത്ത് ഗുണമേന്മയും മികവും പാലാ മാർ സ്ലീവാ മെഡിസിറ്റിയെ ഇന്നലെകളിലും ഇന്നും അതുല്യമാക്കി നിർത്തുന്നു. ആതുരസേവനം ക്രിസ്തുവിൻറെ ദൗത്യമായിരുന്നുവെന്നു ബൈബിൾ അടയാളപ്പെടുത്തുന്നുണ്ട്. രോഗാവസ്ഥയിലുള്ളവർക്കു സൗഖ്യം കൊടുത്ത ക്രിസ്തുവിൽ നിന്നേറ്റെടുത്ത മിഷൻ തന്നെയാണ് ഇന്ന് പാലാ മാർ സ്ലീവാ മെഡിസിറ്റി ആശുപത്രിയും പിന്തുടരുന്നത്. തികച്ചും പ്രഫഷണലായ സമീപനത്തോടെ വിദഗ്ധരായ ഡോക്ടർമാരും, മറ്റു അനുബന്ധ വിഭാഗങ്ങളും രോഗികളെ തികച്ചും പ്രഫഷണലായ സമീപനത്തോടെയാണ് കാണുന്നത്. റീനൽ ട്രാൻസ്പ്ലാന്റ് സേവനങ്ങൾക്ക് ഇന്ന് പ്രസിദ്ധമാണ് ഇവിടം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് കേരളത്തിലെ ഏറ്റവും പ്രസിദ്ധമാണ് പാലാ മെഡിസിറ്റി. അഡ്മിനിസ്ട്രേഷനിലും ചികിത്സാ വിഭാഗങ്ങളിലും മികവു തെളിയിച്ചവരെ നിയോഗിച്ചു ഗുണമേന്മയും കാര്യക്ഷമതയുള്ള സേവനവും ഉറപ്പാക്കുന്നുണ്ട് പാലാ മാർ സ്ലീവാ മെഡിസിറ്റി.

### ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ:

പണം നൽകി മികച്ച ചികിത്സ നേടാൻ പ്രാപ്തിയുള്ളവർക്കും അതില്ലാത്തവർക്കും, ഒരേപോലെ മികവുറ്റ ആരോഗ്യപരിചണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ (ബിസിഎംസിഎച്ച്) തിരുവല്ല, കേരളത്തിലെ പ്രീമിയർ ഹോസ്പിറ്റലുകളിൽ ഒന്നാണ്. ബോത്ത് - ആൻഡ് ഫിലോസഫി അനുസരിച്ച് പ്രവർത്തിക്കുന്ന ഈ മിഷൻ ആശുപത്രി, ധനികരായ രോഗികളിൽ നിന്നു ലഭിക്കുന്ന വരുമാനം, പാവപ്പെട്ട രോഗികൾക്ക് താങ്ങാവുന്ന ചെലവിൽ ഗുണമേന്മയുള്ള ചികിത്സ നൽകാൻ പയോജനപ്പെടുത്തുന്നു. കഴിവുറ്റ ഡോക്ടർമാരും അനുകമ്പയുള്ള നഴ്സുമാരും നൈപുണ്യമുള്ള ടെക്നിക്കൽ - സപ്പോർട്ട് സ്റ്റാഫും ഉൾപ്പെടുന്ന ടീം, ശാരീരികവും മാനസികവും സാമൂഹികവുമായ ഘടകങ്ങളെ പരിഗണിച്ചുകൊണ്ട് സാധ്യമായതിൽ ഏറ്റവും മികച്ച ആരോഗ്യ പരിചരണം നൽകുവാനായി ഒരുമിച്ച് പ്രവർത്തിക്കുന്നു. ഏതു തരം ശസ്തക്രിയകളും വിജയകരമായി ചെയ്യാൻ തക്കവിധത്തിൽ ആത്മവിശ്വാസവും ആത്മാർപ്പണവുമുള്ള ടീമും അത്യാധുനിക സാങ്കേതിക സംവിധാനങ്ങളും ഉള്ളതാണ് ഇവിടുത്തെ ഓപ്പറേഷൻ തീയേറ്ററുകൾ. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഇന്ന് ആരോഗ്യപരിചണ രംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതു

### കോഴിക്കോട് ആസ്ഥാനമായുള്ള ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ:

ബേബി മെമ്മോറിയൽ ഹോസ്പിറ്റലിന്റെ ചെയർമാനും എം.ഡിയുമായ കെ.ജി അലക്സാണ്ടർ 1987ൽ സ്ഥാപിച്ചതാണ് ഈ ഹോസ്പിറ്റൽ 600 ബെഡ്ഡുകളുടെ സൗകര്യമുള്ള ഈ ആശുപത്രിയിൽ 650 നേഴ്സുമാരും 300 ഡോക്ടർമാരും ഉൾപ്പെടെ 2,000 ൽ ഏറെ ജീവനക്കാരുള്ള ഒരു സ്ഥാപനമാണ്. കേരളത്തിലെ ഏറ്റവും വലിയ ആശുപത്രികളിലൊന്നാണ് ഇത് .സമൂഹം ആഗ്രഹിക്കുന്നതായ ലോകോത്തര നിലവാരമുള്ള ആരോഗ്യ സേവനം എങ്ങനെ നൽകാം എന്നാണ് ഈ മാനേജ്മെന്റിന്റെ ആലോചനകളിൽ പ്രധാനം. അഡ്മിനിസ്ട്രേഷനിലും ചികിത്സാ വിഭാഗങ്ങളിലും മികവു തെളിയിച്ചവരെ നിയോഗിച്ചു ഗുണമേന്മയും കാര്യക്ഷമതയുള്ള സേവനവും ഉറപ്പാക്കുന്നുണ്ട്. സർവീസ് എക്സലൻസ് എന്ന പ്രത്യേക വിഭാഗം ബേബി മെമ്മോറിയൽ ഹോസ്പിറ്റലിന്റെ സവിശേഷതയാണ്. മികച്ച ചികിത്സയും എല്ലാ വിഭാഗം രോഗികളോടുമുള്ള കരുതലും ബേബി മെമ്മോറിയൽ ഉറപ്പുവരുത്തുന്നു

### കിംസ് ഹോസ്പിറ്റൽ , തിരുവനന്തപുരം:

1999 ൽ സ്ഥാപിതമായ കിംസ് ഹെൽത്ത് ഹോസ്പിറ്റൽസ് വളരെ പെട്ടെന്ന് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഹോസ്പിറ്റൽ ശൃംഗലയായി മാറുകയായിരുന്നു. കിംസ് ഹെൽത്ത് കെയർ മാനേജ്മെന്റ് ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ സ്ഥപനമാണ് കിംസ് ഹോസ്പിറ്റൽസ്. ആരോഗ്യമേഖലയിൽ അതിശയിപ്പിക്കുന്ന ഉയരങ്ങളിലേക്കു വളർന്ന, കേരളത്തിൻറെ അഭിമാനം. രാജ്യാന്തര നിലവാരവും അതിനൂതന സാങ്കേതിക സൗകര്യങ്ങളും ഉറപ്പാക്കിയുള്ള ചികിത്സാ സംവിധാനങ്ങൾ, പ്രഗല്ഭരായ ഡോക്ടർമാരുടെയും മെഡിക്കൽ ടീമിൻറെയും സാങ്കേതിക വിദഗ്ധരുടെയും പ്രഫഷണലുകളുടെയും കാര്യക്ഷമത, സമഗ്രമായ ആരോഗ്യസേവനം എന്നിവ ഇന്ത്യയ്ക്കു പുറമേ വിദേശ രാജ്യങ്ങളിൽ നിന്നു രോഗികൾ മികച്ച ചികിത്സ തേടി എത്തുന്നു .ആതുര ശുശ്രൂഷ സേവന രംഗത്ത് മൂന്ന് ദശാബ്ദത്തിലധികമായി ഒരു ലക്ഷത്തോളം കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ കിംസ് അൽശിഫ ഗൈനക്കോളജി വിഭാഗം അത്യാധുനിക സംവിധാനങ്ങളിലൂടെ വിവിധ ചികിത്സകൾ ഒരു കുടക്കീഴിൽ 'മെഡോറ' എന്ന പേരിൽ സജ്ജീകരിച്ചിരിക്കുന്നു.നാളയുടെ കരുതൽ സ്പർശം സുരക്ഷിതമായ കൈകളിലൂടെ ആണ് എന്ന കാര്യത്തിൽ സംശയം ഇല്ല.

### കാരിത്താസ് ഹോസ്പിറ്റൽ, കോട്ടയം

വർഷങ്ങളായി കോട്ടയംകാരുടെ ആരോഗ്യ ജീവിതത്തിൽ വലിയ സ്ഥാനം വഹിക്കുന്ന കാരിത്താസ് ആശുപത്രി 2000 ൽ ഓങ്കോളജി ഡിപാർട്മെന്റ് ആരംഭിച്ചു. ഇന്ന് 25 വർഷങ്ങൾ പൂർത്തിയാകുമ്പോൾ ഏറ്റവും നൂതനമായ സാങ്കേതിക സാങ്കേതികവിദ്യയും മികച്ച ഡോക്ടർമാരുടെ സേവനംകൊണ്ടും കേരളത്തിലെ ഏറ്റവും മികച്ച കാൻസർ ചികിത്സാ കേന്ദ്രമായി കാരിത്താസ് ഹോസ്പിറ്റൽ മാറിക്കഴിഞ്ഞിരിക്കുന്നു. കാൻസർ രോഗികൾക്ക് കുറഞ്ഞ ചിലവിൽ കാൻസർ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. കാൻസർ പരിചരണത്തിനായുള്ള കേരളത്തിലെ ആദ്യത്തെ സമഗ്ര സ്വകാര്യ സ്ഥാപനമാണ് കാരിത്താസ്. കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഗൈനക് ഓങ്കോളജി റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ, സൈക്കോ ഓങ്കോളജി, പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ, കമ്മ്യൂണിറ്റി ഓങ്കോളജി എന്നിങ്ങനെ ആറോളം ഉപവിഭാഗങ്ങളായി കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് വിപുലീകരിച്ചിട്ടുണ്ട്.ഏറ്റവും പുതിയ സാങ്കേതികവിദ്യയിലൂടെ കൃത്യമായ രോഗപരിചരണം നൽകുന്നു എന്നത് കാരിത്താസ് കാൻസർ സെന്ററിന്റെ ഏറ്റവും വലിയ സവിശേഷതയാണ്.

കേരളത്തിലെ ആരോഗ്യ മേഖലക്ക് പരിധികളില്ലാത്ത. ലോകം തുറന്നിട്ടു കൊടുത്തിരിക്കുകയാണ് ഫൊക്കാന മെഡിക്കൽ കാർഡ്. എത്ര നല്ല ആശുപത്രികൾ ഉണ്ടായാലും കസ്റ്റമർ കെയർ പാളിയാൽ എല്ലാം പാളും. രോഗികൾ ഒരു നിർദേശം പങ്കുവച്ചാൽ കൃത്യമായി അതെല്ലാം കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഡോക്ടർമാരോടാണ് രോഗികൾക്ക് ഇഷ്ടം കൂടുതലാണ്. അങ്ങനെയുള്ള കെയർ ലഭിക്കുന്ന വിവിധ ഹോസ്പിറ്റലുകളെ ഒരു ചരടിൽ കോർത്തിണക്കിയാണ് ഫൊക്കാന മെഡിക്കൽ കാർഡ്. ലോകമലയാളികൾക്ക് അഭിമാനിക്കാൻ പറ്റുന്ന ഒരു കാര്യമാണ് ഫൊക്കാന സാധ്യമാക്കിയിരിക്കുന്നത്, ഒരു അശ്രാന്തപരിശ്രമത്തിന്റെ കഥകൂടിയുണ്ട് ഈ കാർഡിന് പിന്നിൽ.

# അന്തിചർച്ച അവതാളത്തിൽ?






സുനിൽ വല്ലാത്തറ ഫ്ലോറിഡാ

കേരളത്തിലെ മുൻനിര ന്യൂസ് ചാനലുകളിലെ ന്യൂസ് അവതാരകരിലും ന്യൂസ് എഡിറ്റർ മാരിലും ഭൂരിഭാഗവും കേരളത്തിലെ ആദ്യത്തെ വാർത്ത ചാനലായ ഏഷ്യാനെറ്റ് ന്യൂസ് ൽ നിന്നും കളരി അഭ്യാസവും അടവും തടയും പഠിച്ചിറങ്ങിയവർ ആണ്.

24 ന്യൂസ് ന്റെ പ്രധാന അവതാരകനും അമരക്കാരനും സി.ഇ.ഒ മാരിൽ ഒരാളുമായ ആർ ശ്രീകണ്ഠൻനായർ ദീർഘനാൾ ഏഷ്യാനെറ്റ് ന്യൂസ്‌ലെ ജനകീയ പരിപാടി ആയിരുന്ന നമ്മൾ തമ്മിൽ എന്ന ടോക്ക് ഷോയുടെ അവതാരകൻ ആയിരുന്നു.

പത്തു വർഷത്തിൽ അധികം റിപ്പോർട്ടർ ചാനലിന്റെ ഉടമയായിരുന്ന മുൻ മന്ത്രി എം വി രാഘവന്റെ പുത്രൻ എം.വി. നികേഷ് കുമാർ മാധ്യമ അഭ്യാസം ആരംഭിച്ചത് ഏഷ്യാനെറ്റിൽ ആയിരുന്നു. പിന്നീട് മുസ്ലിം ലീഗ് നേതാവ് എം.കെ. മുനീർ രണ്ടായിരത്തി മൂന്നിൽ ഇന്ത്യവിഷൻ ന്യൂസ് ചാനൽ ആരംഭിച്ചപ്പോൾ അതിന്റെ ന്യൂസ് എഡിറ്റർ ആയി. പിന്നീട് റിപ്പോർട്ടർ ചാനൽ സ്വന്തമായി തുടങ്ങി കുറച്ചു നാൾ കൊണ്ടു നടന്നു അതു നഷ്ടത്തിൽ ആയപ്പോൾ രാഷ്ട്രീയത്തിൽ ഇറങ്ങി രണ്ടായിരത്തി പതിനാറിലെ നിയമസഭ തെരഞ്ഞെടുപ്പിൽ അഴീക്കോട് നിന്നും സി.പി.എം. ടിക്കറ്റിൽ മത്സരിച്ചെങ്കിലും കെ.എം. ഷാജിയോട് പരാജയപ്പെട്ടു. ഇപ്പോൾ മാധ്യമ രംഗത്ത് ആണോ രാഷ്ട്രീയത്തിൽ ആണോ എന്നു അദ്ദേഹത്തിന് തന്നെ അറിയില്ല

ഇപ്പോൾ മീഡിയ വൺ ചാനലിന്റ ചീഫ് ന്യൂസ് എഡിറ്റർ ആയ പ്രമോദ് രാമൻ ആണ് തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ചിൽ ഏഷ്യാനെറ്റ് ന്യൂസ് ആദ്യമായി ലൈവ് വാർത്ത ആരംഭിച്ചപ്പോൾ ഫിലിപ്യൻസിലെ സ്റ്റുഡിയോയിൽ പോയി വാർത്ത വായിച്ചത്. പിന്നീട് ഏഷ്യാനെറ്റ് വിട്ടു അദ്ദേഹം ഇന്ത്യവിഷനിൽ പോയി അതിന് ശേഷം ദീർഘനാൾ മനോരമ ന്യൂസിൽ ആയിരുന്നു

ഒരുപാട് കാലം ഏഷ്യാനെറ്റിൽ ജോലി ചെയ്ത ഡയലോഗ് വീരൻ വേണു ബാലകൃഷ്ണനെ മാതൃഭൂമി രണ്ടായിരത്തി പതിമൂന്നിൽ ചാനൽ തുടങ്ങിയപ്പോൾ ഏഷ്യാനെറ്റിൽ നിന്നും പൊക്കി. പിന്നീട് ഒരു സഹപ്രവർത്തകയോട് എന്തോ തമാശ പറഞ്ഞതിന് വേണുവിനെ മാതൃഭൂമി പുറത്താക്കി

പുതിയ റിപ്പോർട്ടർ ചാനലിലെ ബി ജെ പി പ്രതിനിധി ആയ അവതാരക സുജയാ പാർവതി മനോരമ ന്യൂസ്‌ന്റെ നെടും തൂണായ ഷാനി പ്രഭാകരൻ സ്‌മൃതി പരുത്തിക്കാടു മൂന്നു ചാനലുകളിൽ മാറി മാറി നടന്നു അങ്കം വെട്ടി ഇപ്പോൾ നാലാമത്തെ അന്യേഷിച്ചു നടക്കുന്ന അഭിലാഷ് മോഹനൻ ഇവരെല്ലാം പുളിങ്കൊമ്പു കണ്ടാൽ കയറി പിടിക്കുന്നവർ ആണ്

ഏതാണ്ട് പതിനഞ്ച് വർഷമായി അരങ്ങു തകർക്കുന്ന ചാനലുകളിലെ അന്തിചർച്ചയിൽ കൂടി താരങ്ങളും സെലിബ്രിറ്റികളും ആയവർ അണിവർ

കോൺഗ്രസ് നേതാവും എം.പിയും ആയ രാജ്മോഹൻ ഉണ്ണിത്താൻ മുൻ മന്ത്രിയും സി. പി.ഐ നേതാവും ആയ വി.എസ് സുനിൽ കുമാർ ബി.ജെ.പി മുൻ പ്രസിഡന്റ് കെ. സുരേന്ദ്രൻ ഇപ്പോഴത്തെ മന്ത്രിമാർ ആയ പി. രാജീവ്, കെ.എൻ. ബാലഗോപാൽ, എം.ബി രാജേഷ് മുഹമ്മദ് റിയാസ്, സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ ഇവരൊക്കെ ഒരു കാലത്ത് ചാനലുകളിൽ മാറി മാറി കയറി നടന്നിരുന്നവർ ആണ്. ഇവരെല്ലാം ഒരു സ്ഥാനത്തു എത്തിയപ്പോൾ അന്തിചർച്ച പണി നിർത്തി.

ഏഷ്യാനെറ്റിൽ ഇരുപത്തി അഞ്ചു വർഷത്തിൽ അധികമായി അന്തിചർച്ച നയിക്കുന്ന വിനു വി ജോണിന്റെയും പി.ജി. സുരേഷ് കുമാറിന്റെയും പ്രോഗ്രാം കാണുവാൻ ആയിരുന്നു കുറെയധികം കാലം പ്രേക്ഷകർ ഉണ്ടായിരുന്നത് ഇതിന് പ്രധാന കാരണം രാഷ്ട്രീയ ചർച്ചകൾ ആകുമ്പോൾ നിരീക്ഷകരുടെ കുപ്പായം ഇട്ട് ജയശങ്കർ വക്കീലും ജോസഫ് സി മാത്യുവും ഉമേഷ് ബാബുവും എം. എൻ കാരശ്ശേരിയും ചർച്ചയിൽ ഉണ്ടാകുമായിരുന്നു.

പക്ഷേ ഇപ്പോൾ കുറെ കാലമായി അന്തി ചർച്ചയുടെ ഡിമാൻഡ് ഇടിഞ്ഞിരിക്കുകയാണ്. ജയശങ്കർ വക്കീൽ ഏതാണ്ട് ഇരുപത്തി അഞ്ചു വർഷത്തിൽ അധികമായി നിരീക്ഷക പണി തുടങ്ങിയിട്ട്. പണ്ടു ഇന്ത്യ വിഷൻ എറണാകുളം പാലാരിവട്ടത്തു തുടങ്ങിയ കാലത്ത് ഹൈക്കോടതിയിൽ നിന്നും കലൂർ ആസാദ് റോഡിലുള്ള തന്റെ ഓഫീസിൽ വന്നു കഴിഞ്ഞാൽ ഒരു കട്ടൻ ചായയും കുടിച്ചു കൊണ്ടു രാത്രി ഒൻപതു മണി വരെ കാത്തിരിക്കും അന്നത്തെ നികേഷ് കുമാറിന്റെ ന്യൂസ് നൈറ്റ് അന്തിചർച്ചയിൽ പങ്കെടുക്കാൻ. ചർച്ച കഴിഞ്ഞു രാത്രി പത്തു മണി കഴിയുമ്പോൾ കിട്ടിയ ബസിൽ കയറിയാണ് ആലുവ ദേശത്തുള്ള വീട്ടിലേക്കു പോകുന്നത്. വീട്ടിൽ ചെല്ലുമ്പോൾ ഏതാണ്ട് നേരം വെളുക്കും

അന്തി ചർച്ചയിലെ രാഷ്ട്രീയക്കാരായ പുലികൾ എല്ലാം ഒരു സ്ഥാനത്തെത്തിയതോടെ അന്തിചർച്ചയുടെ വീര്യം കുറഞ്ഞു. കൂട്ടത്തിൽ രാഷ്ട്രീയ നിരീക്ഷകർ പതിനഞ്ചു വർഷമായി പറഞ്ഞത് തന്നെ വീണ്ടും വീണ്ടും മാറ്റിയും മറിച്ചും പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഏതാണ്ട് രണ്ടു വർഷം മുൻപാണ് അഗസ്റ്റിൻ സഹോദരന്മാർ എം. വി. നികേഷ് കുമാർ നഷ്ടത്തിൽ കൊണ്ടു നടന്നിരുന്ന റിപ്പോർട്ടർ ചാനൽ വാങ്ങിയത്. കേരളത്തിലെ മുൻ നിര ന്യൂസ് ചാനലുകളോട് കിടപിടിക്കുവാൻ റേറ്റിംഗ് ൽ വളരെ താഴ്ന്നു കിടന്നിരുന്ന റിപ്പോർട്ടർ മാനേജ്മെന്റ് ആദ്യം ചെയ്തത് കേരളത്തിലെ പ്രതിഭകൾ ആയ മാധ്യമ പ്രവർത്തകരെ ചാനലിൽ എത്തിക്കുക എന്നതായിരുന്നു

ഇതിന്റെ ഭാഗമായി സുജയാ പാർവതിയെ 24 ന്യൂസ് ൽ നിന്നും സ്മൃതി പരുതിക്കാടിനെ മീഡിയ വണ്ണിൽ നിന്നും ഡോ അരുൺകുമാറിനെ 24 ന്യൂസ് ൽ നിന്നും അടർത്തിയെടുത്തു. മുപ്പതു വർഷം മുൻപ് ഏഷ്യാനെറ്റിൽ അങ്കം വെട്ടി തുടങ്ങി പിന്നീട് ദീർഘ നാൾ ഡൽഹിയിൽ മാധ്യമ പ്രവർത്തനം നടത്തിയ ഉണ്ണി ബാലകൃഷ്ണൻ മാതൃഭൂമിയിൽ നിന്നും രാജി വച്ചു കുറച്ചു നാളായി തൊഴിൽ രഹിതൻ ആയിരിക്കുമ്പോൾ ആണ് പുതിയ റിപ്പോർട്ടറിൽ നിന്നും വിളി വന്നത്

അന്തിചർച്ച ജനങ്ങൾ മടുത്തു തുടങ്ങി എന്നു മനസ്സിലാക്കിയ റിപ്പോർട്ടർ എഡിറ്റേഴ്സ് മീറ്റ് എന്ന പേരിൽ ഇവർ അഞ്ചു പേര് ഉൾപ്പെടുത്തി തുടങ്ങിയ പരിപാടി ജനശ്രദ്ധ ആകർഷിച്ചു.ഈ ഷോയിൽ ഏറ്റവും ഷൈൻ ചെയ്തത് ഉണ്ണിയായിരുന്നു. പൊളിറ്റിക്സ് ആണ് വിഷയം എങ്കിൽ രാഷ്ട്രീയം അരച്ചു കലക്കി കുടിച്ചിട്ടുള്ള ഉണ്ണി ബാലകൃഷ്ണന്റെ വാക് ചതുരിയിൽ റിപ്പോർട്ടറിന്റെ റേറ്റിംഗ് കുതിച്ചു ഉയർന്നു ഏറ്റവും മുൻപിൽ ആയിരുന്ന ഏഷ്യാനെറ്റിനെയും കടത്തി വെട്ടി

ഏറ്റവും ഒടുവിൽ കേൾക്കുന്നത് ഉണ്ണി ബാലകൃഷ്ണൻ നാടകീയമായി റിപ്പോർട്ടർ ചാനൽ വിട്ടു ഏഷ്യാനെറ്റിൽ എത്തിയെന്നാണ്

ചാനൽ മുതലാളിമാർ തമ്മിൽ കിടമത്സരം നടക്കുന്ന കേരളത്തിൽ ഇനി ഇരുപത്തി അഞ്ചു വർഷമായി ഏഷ്യാനെറ്റ് ന്യൂസ് ലെ അന്തിചർച്ചയ്ക്കു നേതൃത്വം കൊടുക്കുന്ന വിനു വി ജോണും പി ജി സുരേഷ്കുമാറും റിപ്പോർട്ടർ ചാനലിൽ അന്തിചർച്ച നയിക്കുന്നത് കാണേണ്ടി വരുമോ


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ചരിത്രം കുറിച്ച് മങ്ക ഫെസ്റ്റിവൽ 2025

ബിന്ദു ടിജി

ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമ മാതൃക കാണിച്ച് മങ്ക ഫെസ്റ്റിവൽ 2025 സാമൂഹ്യ സാംസ്കാരിക രംഗത്ത് ചരിത്ര നേട്ടം കൈവരിച്ചു.

മങ്ക വിമൻസ് ക്ലബ്, യൂത്ത് ക്ലബ് (കാമിൽ), സീനിയർസ് ഗോൾഡൻ ക്ലബ് എന്നീ മങ്ക യോടുള്ള ചേർന്നുള്ള എല്ലാ ക്ലബ് കളും മങ്ക പ്രസിഡന്റ് സുനിൽ വർഗ്ഗീസ്ന്റെ നേതൃത്വത്തിൽ ഒരൊറ്റ കെട്ടായി അണി നിരന്ന് ഒരു മുഴുവൻ ദിവസം നീണ്ടുനിന്ന നിറപ്പകിട്ടാർന്ന കലാ സംസ്കാരിക പരിപാടികൾ അരങ്ങിൽ എത്തിച്ചു.

ഇക്കഴിഞ്ഞ മെയ് പത്താം തിയ്യതി മിൽപിറ്റസ് ഇന്ത്യൻ കമ്മ്യൂണിറ്റി സെന്ററിൽ (ഐ സി സി) യിൽ ആയിരുന്നു മങ്ക ഫെസ്റ്റിവൽ 2025 അരങ്ങേറിയത്. വിനോദവും വിജ്ഞാനവും സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന നൃത്ത വിസ്മയങ്ങളും, പാരമ്പര്യ വേഷവിധാനങ്ങളും, നാടൻ ഭക്ഷണ വിഭവങ്ങളും, നിറഞ്ഞ ഒരു ഉത്സവ ഭൂമിക തന്നെയായി മാറി ഇന്ത്യൻ കമ്മ്യൂണിറ്റി സെന്റർ.

മങ്ക നൃത്തോത്സവത്തോടെ രാവിലെ എട്ടു മണിക്ക് പരിപാടികൾ ആരംഭിച്ചു. മികവുറ്റ നർത്തകരെ കണ്ടെത്തുവാൻ മങ്ക ഒരുക്കിയ ഈ നൃത്തമത്സരത്തിൽ ക്ലാസിക്കൽ, സിനിമാറ്റിക് വിഭാഗങ്ങളിലായി അൻപതോളം ടീമുകൾ പങ്കെടുത്തു. മങ്കയുടെ വൈസ് പ്രസിഡന്റ് പത്മപ്രിയ പാലോട്ട്, ബോർഡ് മെമ്പേഴ്സ് ആയ സ്മിതരാമചന്ദ്രൻ , ജിതേഷ്ചന്ദ്രൻ, ലിജാഷോം എന്നിവർ ചേർന്നാണ് അതിമനോഹരമായ നൃത്ത മത്സരം സമയനിഷ്ഠ യോടെ കോ ഓർഡിനേറ്റ് ചെയ്തത്.

വനിതാ സംരംഭകർക്ക് വിവിധ മേഖലകളിലുള്ള അവരുടെ നൈപുണ്യം പ്രദർശിപ്പിക്കാൻ മങ്ക വിമൻസ് ക്ലബ് അവസരമൊരുക്കി. ഏതാനും പ്രാദേശിക സംരംഭകർ അവരുടെ അറിവും, പ്രവർത്തന പരിചയവും ആശയങ്ങളും പങ്കുവെച്ചു. സദസ്സിന്റെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ ഒരു സമ്മേളന മായിരുന്നു ഇത്. മങ്ക ബോർഡ് മെമ്പേഴ്സ്



ആയ ജാസ്മിൻ പരോൾ, കവിത പ്രമോദ്, ലിസി ജോൺ എന്നിവരാണ് ഈ സമ്മേളനം മുൻകൈ എടുത്ത് നയിച്ചത്. ഇതിനോടൊപ്പം നടന്ന മദേഴ്സ് ഡേ ആഘോഷങ്ങളിൽ അമ്മമാരെയും കുഞ്ഞുങ്ങളെയും അനുമോദനങ്ങളോടെ ആദരിച്ചു.

മങ്കയുടെ ഗോൾഡൻ ക്ലബ് ഒരുക്കിയ ഹൃദ്യമായ പരിപാടികൾ കാണികളുടെ മനസ്സ് കവർന്നു. മങ്കയുടെ ആദ്യ കാല പ്രവർത്തകരും മങ്ക യുടെ സീനിയർ അംഗങ്ങളും ഏറെ ആവേശത്തോടെ ഈ പരിപാടിയിൽ പങ്കുചേർന്നു. മങ്കയുടെ ആദ്യകാല പ്രസിഡന്റ് ആയിരുന്ന ഷാൻ ദാസിനു ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് നൽകി ആദരിച്ചു. ഒപ്പം അദ്ദേഹത്തിൻറെ ഭാര്യ പത്മ ഷാൻ ദാസിന് മരണാനന്തര ബഹുമതി നൽകി ആദരിച്ചു. എൺപത് വയസ്സിനു മുകളിൽ ഉള്ള സീനിയർ മെമ്പർ മാർക്ക് നൽകിയ പ്രത്യേക അംഗീകാരം ഈ പരിപാടിയ്ക്ക് തിളക്കം കൂട്ടി. നാടകം, സംഘഗാനം, ഫാഷൻ ഷോ തുടങ്ങിയ വിവിധ കലാപരിപാടികളും വിനോദങ്ങളും ഈ വിഭാഗത്തിൽ അരങ്ങേറി. സിജോ പാറപ്പിള്ളി, റെനി പൗലോസ്, ലിസി ജോൺ, പ്രേമ തെക്കേക് സുന്ദർ റാം, ജോൺ ചാണ്ടി എന്നിവർ ചേർന്നാണ് ഏറെ വ്യത്യസ്തമായ ഈ പരിപാടി കോർഡിനേറ്റ് ചെയ്തത്. എഴുത്തുകാരനും നടനും സിനിമാ നിർമ്മാതാവും ആയ തമ്പി ആന്റണി രചിച്ച് ജോൺ പുലിക്കോട്ടിൽ സംവിധാനം ചെയ്ത 'എന്റെ മേരിക്കുട്ടി ഇത് അമേരിക്കയാ' എന്ന നാടകം സദസ്സിനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു

മനോജ് തോമസ് നയിച്ച ഏറെ വിജ്ഞാനപ്രദമായിരുന്ന കോളേജ് അഡ്മിഷൻ പാനൽ ചർച്ചാവേദിയിൽ മാതാപിതാക്കളും, വിദ്യാർത്ഥികളും അടുത്തയിടെ ബിരുദം നേടിയ യുവജനങ്ങളും പങ്കെടുത്തു. കാമിൽ എന്ന മങ്ക യൂത്ത് ക്ലബ് ആണ് ഈ ചർച്ചാ വേദി സംഘടിപ്പിച്ചത്.

രാവിലെ ഒൻപത് മുതൽ രാത്രി പത്തുമണി വരെ നീണ്ടു നിന്ന നാടൻ വിഭവങ്ങളുടെ രുചിമേളയായിരുന്നു ജനങ്ങളെ ആകർഷിച്ച മറ്റൊരു ഇനം. ഭക്ഷണോത്സവം എന്ന് തന്നെ ഈ മേളയെ വിശേഷിപ്പിക്കാം.


ഹരികൃഷ്ണൻ പുതുശ്ശേരി നയിച്ച റെജിസ്ട്രേഷൻ കമ്മിറ്റി മുഴുവൻ ദിവസവും ഇടതടവില്ലാതെ അതിഥി കളുടെ റെജിസ്ട്രേഷൻ കൃത്യമായി നിർവ്വഹിച്ചു . ജോൺ പോൾ വർക്കി, പ്രിൻസ് നെച്ചിക്കാട്ട്, ഷൈൻ നായർ, ജോബി പൗലോസ്, എന്നിവരാണ് ലോജിസ്റ്റിക് കമ്മിറ്റി നയിച്ചത്. യാതൊരു തടസ്സവും കൂടാതെ സമാന്തരമായി ഒരേ സമയം പല പരിപാടികൾ വിവിധ സ്റ്റേജുകളിൽ സമയനിഷ്ഠതയോടെ ഈ കമ്മിറ്റി അതിവിദഗ്ദ്ധമായി ക്രമീകരിച്ചു. ജോൺ പുലിക്കോട്ടിലും സംഘവും തങ്ങളുടെ സമർപ്പണവും കഠിനാധ്വാനവും പ്രവർത്തി പരിചയവും കൊണ്ട് ഐ സി സി ഒരു ഉത്സവ ഭൂമിക തന്നെ യാക്കി മാറ്റി.

പ്രശസ്ത സിനിമാതാരം ശ്വേതാ മേനോനും സംഘവും നയിച്ച സിനി സ്റ്റാർ ഷോ യോടെയാണ് മങ്ക ഫെസ്റ്റിവൽ നുതിരശീല വീണത് .

എല്ലാ പ്രായത്തിലുള്ള കാണികളെയും രസിപ്പിക്കുവാൻ പാകത്തിന് നൊസ്റ്റാൾജിയ നിറച്ച ഇനങ്ങളും സമകാലീന താല്പര്യങ്ങളും പാകത്തിന് കോർത്തിണക്കി ഏറെ ആകർഷണീയ മായ ഈ സിനി സ്റ്റാർ ഷോ കോ ഓർഡിനേറ്റ് ചെയ്തത് ട്രഷറർ മേരി ദാസൻ ജോസഫ്, ജോയിന്റ് സെക്രട്ടറി ജോൺസൺ ജോൺ എന്നിവർ ചേർന്നാണ്.

ഏകദേശം രണ്ടായിരത്തോളം പേർ പങ്കെടുത്ത ഈ ഫെസ്റ്റിവൽ മങ്കയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ല് തന്നെ ആണ്. ബേ ഏരിയ മലയാളികളുടെ മനസ്സിൽ സാമുദായിക ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും കലാ സാംസ്കാരിക പാരമ്പര്യത്തിന്റെയും മായാത്ത ഓർമ്മകൾ സമ്മാനിച്ച അതി മനോഹരമായ ഒരു ഉത്സവം തന്നെ യായിരുന്നു മങ്ക ഫെസ്റ്റിവൽ 2025.




In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**സി കെ ജോർജ്**

മയാമി: അവിഭക്ത ഫൊക്കാനയിലും പിന്നീട് ഫോമയിലും നേതൃരംഗങ്ങളിൽ പ്രവർത്തിച്ച ചെമ്പിളാതറയിൽ സി കെ ജോർജ് അന്തരിച്ചു. 1973 ൽ അമേരിക്കയിലെത്തി. ആദ്യം ന്യൂയോർക്കിലും പിന്നീട് ഫ്ളോറിഡയിലെ ഡേവിയിലും ആയിരുന്നു താമസം. മാർത്തോമാ ചർച്ച് ഓഫ് സൗത്ത് ഫ്ളോറിഡ ഇടവക അംഗമാണ് . ഭാര്യ ഗ്രേസി ജോർജ്. മക്കൾ: ആറ്റി ജോജിമോൻ ജോർജ്, ജെയ്സൻ, ജെലീൻ. മരുമക്കൾ: ജയിൻ, ജെയ്സൻ, റെബെക്ക ജോർജ്. കൊച്ചുമക്കൾ: അഡിസൻ, പെയ്റ്റൻ, റീസ്.

**ഏലിക്കുട്ടി ജോഷ്വ**

പൊങ്ങന്താനം:പിച്ചനാട്ടുകുളം പാണ്ടൻചിറ ഏലിക്കുട്ടി ജോഷ്വ (78) അന്തരിച്ചു. . ഭർത്താവ്: പരേതനായ ജോഷ്വ. മക്കൾ: പി.ജെ. റെബേക്ക, ഗീതമ്മ റോഷൻ.



**പി.സി.ജേക്കബ്**

ഹൂസ്റ്റൺ: മുണ്ടക്കയം 31 മൈൽ പുത്തൻപുരക്കൽ പി.സി.ജേക്കബ് (ജയ്മോൻ – 67) ഹൂസ്റ്റണിൽ അന്തരിച്ചു. മുണ്ടക്കയം സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ റാന്നി ചെല്ലക്കാട് മുരുത്തേൽ സിസിലി. മക്കൾ : ഗീതു ജേക്കബ് (ഹൂസ്റ്റൺ), പ്രിയൻ ജേക്കബ് ((റിയൽറ്റർ, ഖജ ഖജ ഗ്രൂപ്പ് ഹൂസ്റ്റൺ) മരുമക്കൾ : സനൽ, സുനു കൊച്ചുമക്കൾ : ഡിലൻ, എവ്റി , ലിയാം, ബെല്ല, ക്ലോയ്.

**അന്നമ്മ ആന്റണി**

നീലൂർ:മുണ്ടിയാങ്കൽ ആന്റണി തോമസിന്റെ ഭാര്യ അന്നമ്മ ആന്റണി (88) അന്തരിച്ചു. മക്കൾ: ബെന്നി (പടമുഖം), ലിസി, ലൗലി, സോണി. മരുമക്കൾ: റെജി പുള്ളിക്കാട്ടിൽ (പ്രവിത്താനം), ബേബി മുതുപ്ലാക്കൽ (പിഴക്), പോൾ വെള്ളാങ്കൽ (രണ്ടാർ), ഷാന്റി.



**റോബർട്ട്**

താമ്പാ: തൊടുപുഴ കരിങ്കുന്നം കൊല്ലമലയിൽ റോബർട്ട് (25) വാഹനാപകടത്തിൽ മരിച്ചു. വിൽസൺ ജോസഫിന്റെ മകനാണ്. കഴിഞ്ഞ 21ന് റോബർട്ട് ഓടിച്ചിരുന്ന ബൈക്ക് നിയന്ത്രണംവിട്ട് മറിഞ്ഞാണ് അപകടം. ട്രക്ക് ഡ്രൈവറായിരുന്നു.അമ്മ: ബിന്ദു. സഹോദരൻ: റൂബൻ.

**നിധിൻ എം. വർഗീസ്**

കോട്ടയം:പാർക്ക് ലെയിൻ പുത്തൻപറമ്പിൽ പരേതനായ ഷിബു മാണിയുടെ മകൻ നിധിൻ എം. വർഗീസ് (35) അന്തരിച്ചു.

**പി.ജി.ഹരികുമാർ**

സൗത്ത് പാമ്പാടി:പൊരിമറ്റത്തിൽ പരേതനായ ഗോപിനാഥൻ നായരുടെയും രാജമ്മയുടെയും മകൻ പി.ജി.ഹരികുമാർ (52) അന്തരിച്ചു. ഭാര്യ: പ്ലാത്താന ത്ത് മനുഷ. മക്കൾ: ആദിത്യ കുമാർ, അർച്ചന ഹരി.



**ജോയ് തോമസ്**

ന്യൂജേഴ്സി: പ്രവിത്താനം പഞ്ഞിക്കുന്നേൽ പരേതരായ പി.ജെ. തോമസിന്റെയും ത്രേസ്യാ തോമസിന്റെയും പുത്രൻ ജോയ് തോമസ് പഞ്ഞിക്കുന്നേൽ (71), മെയ് 20 ന് ന്യൂജേഴ്സിയിൽ അന്തരിച്ചു.അൽഫോൻസയാണ് ഭാര്യ.മക്കൾ ; ട്രീസ, ടെസ്. കൊച്ചുമകൾ; ഇസബെല്ല .സഹോദരങ്ങൾ; എലിസബത്ത് തോമസ്, സിസ്റ്റർ മേരി (ബാംഗ്ലൂർ) പി. ടി. തോമസ്, സിസ്റ്റർ ആനി പഞ്ഞിക്കുന്നേൽ, സിസ്റ്റർ ടെസ്സി, അഗസ്റ്റിൻ തോമസ്, ലാലി പഞ്ഞിക്കുന്നേൽ, പരേതരായ മൈക്കൽ തോമസ്, റോയ് തോമസ്.

**ഷാഹുൽ ഹമീദ്**

എരുമേലി::മണിപ്പുഴ താന്നിമൂട്ടിൽ ഷാഹുൽ ഹമീദ് (69) അന്തരിച്ചു. ഭാര്യ: നസീമ. മക്കൾ: നിഷാദ്), ഫാത്തിമ. മരുമക്കൾ: അനീസ, സാദിഖ്.



**ജേക്കബ് സാമുവൽ**

ഡാലസ്: പുന്നല ജേക്കബ് സാമുവൽ (രാജൻ– 66) ഡാളസിൽ അന്തരിച്ചു. ഭാര്യ: സൂസൻ. മക്കൾ: ജേസൺ, ജെയ്ൻ, ജെന്നി.

**എം.ജെ.തോമസ്**

പാമ്പാടി:മാക്കൽ എം. ജെ.തോമസ് (കൊച്ച് 70) അന്തരിച്ചു. ഭാര്യ: പാമ്പാടി ഇട്ടിമാണിൽ ലൈസാമ്മ. മക്കൾ: ടോളി (യുകെ), ടൂബി (സൗദി). മരുമക്കൾ: റിനോഷ് പാത്തിക്കൽ (ഉള്ളായം), ജോജോ പാറയ്ക്കൽ (കറുകച്ചാൽ).

**വി.എം.സെബാസ്റ്റ്യൻ**

ഭരണങ്ങാനം:പാലാ സെന്റ് തോമസ് കോളജ് ഫിസിക്സ് ഡിപ്പാർട്മെന്റ് റിട്ട. പ്രഫ. വടക്കേൽ വി.എം. സെബാസ്റ്റ്യൻ (കുട്ടിച്ചൻ–84) അന്തരിച്ചു. ഭാര്യ: ആർപ്പൂക്കര തുരുത്തുമാലിൽ സാലിമ്മ. മക്കൾ: സാജി ലിൻസി, ജോബിൻ. മരുമക്കൾ: റെജി ,ഐശ്വര്യ ചിറയിൽ



**ഗ്രേസി**

ചിങ്ങവനം: തെക്കേനീലേട്ട് മാത്തുകുട്ടിയുടെ ഭാര്യ ഗ്രേസി (62) അന്തരിച്ചു. പരേത മുടിയൂർക്കര കോതമന കുടുംബാഗമാണ്. മക്കൾ: സോണി, മരിയ. മരുമക്കൾ: ആസ്ലി, ജുബി.

**കരുണാകരൻ**

പൂഞ്ഞാർ:കടലാടിമറ്റം മാമ്പലകയിൽ കരുണാകരൻ (79) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കടലാടിമറ്റം വാഴയിൽ ശാന്ത. മക്കൾ: സിന്ധു, സ്വപ്ന, സുനിൽകുമാർ, പരേതയായ സിനി. മരുമക്കൾ: മനോജ് അള്ളുങ്കൽ (കളത്തൂക്കടവ്), രശ്മി സുനിൽ കുളത്തുങ്കൽ.

**പി.സി.ജോസഫ്**

എസ്എൻ പുരം:പുല്ലാട്ട് കുടുംബാംഗം പന്നിക്കുഴിയിൽ ആയ തുമ്പശ്ശേരിയിൽ പി.സി.ജോസഫ് (അച്ചൻ കുഞ്ഞ്–73) അന്തരിച്ചു.



**മത്തായി**

യു.കെ: കൂടല്ലൂർ മൈലപറമ്പിൽ മത്തായി (85) യുകെയിൽ അന്തരിച്ചു. ഭാര്യ: പരേതയായ മറിയം ഏറ്റുമാനൂർ ഐക്കരതുണ്ടത്തിൽ കുടുംബാംഗം. മക്കൾ ബേബി,മിനി. മരുമക്കൾ : അനു പിള്ളവീട്ടിൽ, സോന ഡൽഹി.

**എം.ആർ.കൃഷ്ണൻ കുട്ടി**

കളത്തൂർ:മേമനയിൽ കൃഷ്ണ നിവാസ് എം.ആർ. കൃഷ്ണൻ കുട്ടി (74) അന്തരിച്ചു. ഭാര്യ: കോതന ല്ലൂർ നിരവത്തു രാധാദേവി. മക്കൾ: അജീഷ് കൃഷ്ണൻ (ദുബായ്), അനീഷ് കൃഷ്ണൻ മരുമക്കൾ: നിത്യ ഉണ്ണിക്കൃഷ്ണൻ, അനീഷ ജി. നായർ.

**മേരിക്കുട്ടി ജോൺ**

കാഞ്ഞിരപ്പള്ളി:കല്ലറയ്ക്കൽ കരികാട്ടുപറമ്പിൽ മേരിക്കുട്ടി ജോൺ (90) അന്തരിച്ചു.



**ചാക്കോ ലൂക്കാ**

കൂടല്ലൂർ: മറ്റത്തിൽ ചാക്കോ ലൂക്കാ (98) അന്തരിച്ചു. ഭാര്യ: പരേതയായ അന്നമ്മ ചാക്കോ പറമ്പഞ്ചേരി നായപ്പള്ളിൽ കുടുംബംഗം. മക്കൾ: ജേക്കബ്, ജോസ്, പരേതനായ സൈമൺ, ലൂക്കോസ്, മോളി, അൽഫോൻസ്, സിസ്റ്റർ ഐറിൻ എസ്.വി.എം, പുഷ്പമ്മ ജേക്കബ്, ഫാ. സിറിയക് മറ്റത്തിൽ (വികാരി, മറ്റക്കര മണ്ണൂർ പള്ളി). മരുമക്കൾ: പരേതയായ ലീലാമ്മ ജേക്കബ് എടാട്ടുപറമ്പിൽ, മോളി ജോസ് ചാലായിൽ , വത്സമ്മ ലൂക്കോസ് മണിയിലപ്പാറയിൽ, പരേതനായ കുഞ്ഞുമോൻ മാക്കീൽ കീച്ചേരിൽ, ജോസ് കൊച്ചുവേലിക്കകത്ത്, റോയി കൊല്ലംപറമ്പിൽ.

**ജോസഫ്**

തലയാഴം:മറ്റപ്പള്ളിച്ചിറ ജോസഫ് (60) അന്തരിച്ചു.



**തൊമ്മിക്കുഞ്ഞ്**

കൈപ്പുഴ: ഏലൂർ തൊമ്മിക്കുഞ്ഞ് (72) അന്തരിച്ചു.

**ശാന്തകുമാരി അമ്മ**

കോട്ടയം:തിരുനക്കര പടിഞ്ഞാറേനടയിൽ ശാന്ത വിഹാറിൽ (വേലിക്കകത്ത്) ശാന്തകുമാരി അമ്മ (71) അന്തരിച്ചു. ഭർത്താവ്: പ രേതനായ വി.എസ്.വേലായുധൻ പിള്ള. മക്കൾ: സു നിൽ, സ്വപ്ന, സംഗീത. മരുമകൻ: അനൂപ് പിള്ള (യുഎസ്).

**പി.എൽ.ലൂക്കോസ്**

വേദഗിരി:ഇടമനമറ്റത്തിൽ (പാറേപറമ്പിൽ) പി.എൽ .ലൂക്കോസ് (78) അന്തരിച്ചു. ഭാര്യ: പാദുവ കീറഞ്ചിറ മേരി ലൂക്കോസ്. മക്കൾ: ഷെറി (കാനഡ), ഷാന്റി (യുകെ), ഷൈബി (കാനഡ). മരുമക്കൾ: മാത്യു തയ്യിൽ കോതനല്ലൂർ (കാനഡ), ജിനു (യുകെ), ജോമോൻ തെക്കേപുറം



**ജെസ്സി സുനു**

എസ്.എച്ച് മൗണ്ട് മുളകുമറ്റത്തിൽ സുനുമോൻ എം. സിയുടെ ഭാര്യ ജെസ്സി സുനു (61) അന്തരിച്ചു. പരേത വെളിയനാട് നാരകന്ത്ര മഠത്തിൽകളത്തിൽ കുടുംബാംഗമാണ്. മക്കൾ: ചിന്നു എം സുനു, ചെറിൻ എം സുനു, ചിക്കു എം സുനു. മരുമക്കൾ: ജേക്കബ് മാത്യു ചക്കാലകുന്നേൽ മേമ്മുറി, സോണി ചക്കാലകുന്നേൽ ചെങ്കിലേരി, ആഷ്‌ലി ക്ലാര സിറിയക് ഇല്ലികാട്ടിൽ മാറിക.

**കെ.എൻ.വാസുക്കുട്ടൻ നായർ**

ചെമ്മലമറ്റം:കാലായിൽ കെ.എൻ.വാസുക്കുട്ടൻ നായർ (83) അന്തരിച്ചു. ഭാര്യ: ഉരളികുന്നം ഇടയേടത്ത് സുശീല. മക്കൾ: സുരേഷ് അനിൽ. മരുമക്കൾ: സജിത പൂവത്തുംമൂട്ടിൽ (തെങ്ങണ), നിഷ മംഗലത്തിൽ .


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയ്‌ലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News